STANDING FINANCE COMMITTEE AND THE ECONOMIC DEVELOPMENT LOARD.

PRESIDENT: The House last evening elected members for the standing Finance Committee for 1105 and for the Economic Development Board, and this is the result of the elections. The following members were elected for the Standing Finance Committee :—

1. Mr. Matthew Murikkan
2 Mr. G. P. Nilakanta Pillai, and
3 Mr. A. Thanu Pillai.

The following non-officials were elected for the Economic Development Board:—

1 Mr. K. C. Karunakaran
2 Mr. K. Madhavan Pillai
3 Mr. N. K. Krishna Pillai and
4 Mr. A. G. Menon

The House will now pass on to the next item in the Agenda, the introduction of the "Travancore Compensation for Tenants' Improvements Bill".

THE TRAVANCORE COMPENSATION FOR TENANTS' IMPROVEMENTS BILL.

MR. N. R. KRISHNAN (*Nominated*) : Sir, I beg to introduce the "Travancore Compensation for Tenants' Improvements Bill". Am I allowed to make a speech?

PRESIDENT : If you would like to make a speech you may do it.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : According to the practice of this House the motion has to be seconded.

MR. P. S. MAHOMED (*Nominated*): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

MR. N. R. KRISHNAN (*Nominated*): സർ, ഈ രാജ്യത്തെ കർഷകന്മാരെല്ലാം വസ്തു ഉടമസ്ഥന്മാരായി പ്രായേണ കാണുന്നില്ല. അധികംആളുകളും വസ്തു ഉടമസ്ഥന്മാരുടെ കീഴിൽ വെറും പാട്ടക്കാരായിട്ടോ അല്ലെങ്കിൽ പണയക്കാരായിട്ടോ വസ്തു അനുഭവിച്ച് കൃഷിചെയ്യുന്നതായിട്ടാണ് കണ്ടുവരുന്നതു്. വസ്തു ഒഴിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവർക്കു നഷ്ടം കേണ്ട ദേഹണ്ഡത്തെ സംബന്ധിച്ച് പല കുഴപ്പങ്ങളും നേരിടാറുണ്ട്. ദേഹണ്ഡം തിട്ടപ്പെടുത്തുന്നതിനു് ഈ രാജ്യത്തു് ഇതുപര്യന്തം ഒരു നിയമം ഉണ്ടായിട്ടില്ല. പ്രാദേശികമായ ചില നടപ്പുകളെമാത്രം അടിസ്ഥാനപ്പെടുത്തിയാണു് ഈ കൃത്യം ഇപ്പോൾ നിർവഹിച്ചുപോരുന്നതു്. എന്നാൽ പ്രാദേശികമായ നടപ്പു് ഇന്നതെന്നു് വ്യക്തമായി യാതൊരുറി

LIBRARY ARCHIVES Kerala Legislative Assembly

ക്കാർഡുകളും ഇല്ലായ്കകൊണ്ട് വസ്തു ഒഴിപ്പിക്കുന്ന വിഷയത്തിൽ പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. വസ്തു ഒഴിപ്പിക്കുന്ന അവസരങ്ങളിൽ കൃഷിക്കാരന് ഗുണകരമായ നടപ്പിനെ കൃഷിക്കാരനും വസ്തു ഉടമസ്ഥന് ഗുണകരമായ നടപ്പിനെ വസ്തുഉടമസ്ഥനും ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിലേക്ക് ഒരു നിയമവും ഇല്ലാത്തതുകൊണ്ട് കോടതി ഇതിൽഏതെങ്കിലുംഒരു കക്ഷിയുടെ തെളിവിനെമാത്രം അടിസ്ഥാനപ്പെടുത്തി അതനുസരിച്ചുള്ള ദേഹണ്ഡംകൊടുക്കണമെന്നു വിധിക്കുന്നതായിട്ടാണ് സാധാരണ കണ്ടുവരുന്നത്. കൃഷിക്കാരൻ തനിക്കെത്രത്തോളം ക്രൂതൽ ദേഹണ്ഡം കിട്ടാമൊ അത്രത്തോളം കിട്ടണമെന്ന് പ്രകൃത്യാ ആശിക്കുന്നതിൽ അയാളെ കുറപ്പെടുത്താനില്ല. അതുപോലെ എത്രയും കുറച്ചു ദേഹണ്ഡംകൊടുത്തു വസ്തു ഒഴിപ്പിക്കാമൊ അത്രയുംകൊടുത്തു ഒഴിപ്പിക്കണമെന്ന് പ്രകൃത്യാ ജന്മിമാരുടെ സ്വതസ്സിദ്ധമായ ഔത്സുക്യത്തോടുകൂടി ആഗ്രഹിക്കുന്ന വസ്തു ഉടമസ്ഥനേയും കുറപ്പെടുത്താനില്ല. കൃഷിക്കാർക്ക് ക്രൂതൽ ദേഹണ്ഡം കിട്ടണമെന്ന് ഒരു കേസ് ഉണ്ടാകയും അതിന്മേൽ തിരുവിതാംകൂറിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് അവർക്ക് ഗുണകരമായവിധത്തിൽ ഒരു വിധി കല്പിച്ചുകൊടുക്കയും ചെയ്തിട്ടുണ്ട്. T. L. R. Vol. 24. Page 56 അതായത് നൂറുമാസത്തെ ആദായത്തിന്റെ വില കൂടിയാനവനു അവന്റെ ദേഹണ്ഡത്തിന്റെ വിലയായി കൊടുക്കണമെന്നാണ്. ഈ രീതിയനുസരിച്ചുനോക്കുന്നപക്ഷംഫലപ്രാപ്തിവന്നിട്ടുള്ള ഒരു വൃക്ഷത്തിൽനിന്നും ശരാശരി ഒരു കുലയിൽ പത്തുനാളികേരം കിട്ടുന്നപക്ഷം അതെങ്ങിന് ഈൻപതുരൂപ ദേഹണ്ഡം കൊടുക്കണം. ഒരു കുലയിൽ പത്തിൽക്രൂതൽനാളികേരം ഉണ്ടാകുന്ന തെങ്ങുകൾ ഈ രാജ്യത്തു സുലഭമായി കണ്ടുവരുന്നുണ്ട്. ഈ നിലയ്ക്ക് ഒരു തെങ്ങിനു ഈൻപതൊ അതിൽക്രൂതലൊ രൂപദേഹണ്ഡംകൊടുത്ത് വസ്തു ഒഴിപ്പിക്കേണ്ടി വരുന്നഎന്നുള്ള സംഗതി ജന്മിമാക്ക് വളരെസങ്കടകരമായഒന്നാണ്. ചിലഅവസരങ്ങളിൽ ഈ വിധികൊണ്ട് കൃഷിക്കാരിൽനിന്നും വസ്തു ഒഴിപ്പിക്കാൻ ജന്മിക്ക് നിവൃത്തിയില്ലാതെ വരുന്നുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പോഴത്തെ ബില്ലനുസരിച്ച് എത്രമാസത്തെ ആദായവില കൊടുത്താണു വസ്തു ഒഴിപ്പിക്കേണ്ടതു്?

MR. N. R. KRISHNAN (*Nominated*): ഇപ്പോഴത്തെ ബില്ലിൽ ഒൻപതാംവകുപ്പിൽ അതിനെപ്പറ്റി പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതു എത്രയാണെന്നു് ഈ സഭയുടെ അറിവിനായിട്ടു പറയുമോ?

MR. N. R. KRISHNAN (*Nominated*) : അതിനെപ്പറ്റി ഒൻപതാംവകുപ്പിൽ പറയുന്നുണ്ടു്.

ഹൈക്കോടതിയിലെ ഈ വിധികൊണ്ടു് ജന്മിമാരും കുഴപ്പന്മാരായിട്ടുവിക്കുന്നില്ല. അവരും ഇതുപോലെതന്നെ വളരെ കുറച്ചു ദേഹണ്ഡം കൊടുക്കത്തക്കവണ്ണം ഒരു നടപ്പു സ്ഥാപിക്കാൻ ശ്രമിക്കയും ഒടുവിൽ അവർ 16 T. L. J. Page 506 മൂലം ഒരു നടപ്പു സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്. അതായതു് ഫലവൃക്ഷങ്ങളുടെ പാട്ടം ബേസിസ്സിൽ തിട്ടപ്പെടുത്തി ദേഹണ്ഡം കൊടുക്കുക എന്നുള്ളതാണു്. അതായതു് തെങ്ങു വൃക്ഷങ്ങളെ നാലുതരമായിട്ടുതിരിച്ചു് ഒന്നാംതരത്തിനു് ഒരു പണവും രണ്ടാംതരത്തിനു് മുക്കാൽ പണവും മൂന്നാം തരത്തിനു് അരേഅരക്കാൽ പണവും എന്നിങ്ങനെ പാട്ടം നിശ്ചയിച്ചു് കൊടുക്കണം എന്നുള്ളതാണു്. ഇങ്ങിനെ പാട്ടംകണ്ടിട്ടു് കാലേമാഹാണി ഉഭയത്തിനുള്ള അത്ഥത്തിൽ നാലിലൊന്നു് കുടിയാനവനുകൊടുക്കുക എന്നുള്ളതാണു് ഈ വിധികൊണ്ടു കാണുന്നതു്. ഇനി ഇതു് എങ്ങിനെകിട്ടുന്നു എന്നാണു് നോക്കേണ്ടതു്.

MR. A. THANU PILLAI (*Trivandrum*) : കരാർ അനുസരിച്ചുള്ള തുക്രടി ഇതിലുൾപ്പെടുമോ?

MR. N. R. KRISHNAN (*Nominated*) : കരാറുള്ളതും കരാറില്ലാത്തതും ക്രടി ഇതിൽ ഉൾപ്പെടും. ഈ കരാർവസ്തുവിൽ വേലചെയ്യുന്നതിനാണു്.

"The practice of assigning Nadavukur on a pattom basis is very common in some parts of the country."

ഇങ്ങിനെ പാട്ടം ബേസിസ്സിൽ കൊടുത്താൽ ഒരു വൃക്ഷത്തിനു് കുടിയാനവനു് എത്രകിട്ടുന്നു എന്നു നോക്കേണ്ടിയിരിക്കുന്നു. ഒന്നാംക്ലാസ്സിൽ കൂടുതൽ ആയ ക്ലാസ്സു് ഇല്ലാത്തതുകൊണ്ടു ഒന്നാംക്ലാസ്സു് വൃക്ഷത്തെത്തന്നെ എടുത്തുനോക്കാം. അങ്ങിനെയാണെങ്കിൽ അതിനു് ഒരു പണമാണു് പാട്ടം നിശ്ചയിച്ചിട്ടുള്ളതു്. അതിനു് കാലേമാഹാണി ഉഭയത്തിനുള്ള അത്ഥം മുപ്പുത്തിരണ്ടുപണമാണു്. അതിന്റെ നാലിലൊന്നു് (അതായതു് എട്ടുപണമാണു്) കുടിയാനവനു് ദേഹണ്ഡമായി കിട്ടുന്നതു്. 24 T. L. R. അനുസരിച്ചു് അൻപതോ എഴുപത്തഞ്ചോ രൂപാ ദേഹണ്ഡം കിട്ടുന്ന വൃക്ഷങ്ങൾക്കു് 16 T. L. J. അനുസരിച്ചു് എട്ടുപണമാണു കിട്ടുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : I rise to a point of order. Could the member speak in two languages?

LIBRARY ARCHIVES Kerala Legislative Assembly

MR. N. R. KRISHNAN (*Nominated*): No. I am quoting from a book.

PRESIDENT: He is reading from 16 T. L. J. It is in English.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Even in his speech we find him using two languages.

MR. N. R. KRISHNAN (*Nominated*): ഈ വിധികാം കൊണ്ട് ഒന്നും തന്നെ വ്യക്തമായിട്ടില്ല. എന്നാൽ കീഴ്കോടതികളിൽ പല ആളുകളോടും ഉള്ള സംഭാഷണത്തിൽ ഈ കസ്റ്റം അതായത്, ഒന്ന്, മൂക്കാൽ, അര, അരേഅരയ്ക്കാൽ എന്നപ്രകാരം നിശ്ചയിക്കുന്നതു - ആർബിറററി ആയിട്ട കോടതി ചെയ്യുന്നുഎന്നാണ് അവരിൽനിന്നും മനസ്സിലാക്കാൻ ഇടയായതു്. അതല്ല ഇതിനുള്ളപ്രധാനകാരണം എന്നുള്ളതു് ലാൻഡ് റവന്യൂമാന്വൽ നാലാംവാല്യം ഫോർ-ാംവശം വായിച്ചുനോക്കിയാൽ മനസ്സിലാകും. തിരുവിതാംകൂറിൽ കരം തിട്ടപ്പെടുത്തുന്നതിനു വേണ്ടി തെങ്ങുകളെ നാലു ക്ലാസുകളായിട്ടു തിരിച്ചു. ആ കാലത്തു് ന്യർ നാളികേരമോ അതിൽ കൂടുതലോ ഉള്ളതെല്ലാം ഒന്നാംക്ലാസ്സായിട്ടും, ർൻ-ം അതിനു താഴെ ർ ം വരെ നാളീകേരമുള്ള വൃക്ഷങ്ങളെ രണ്ടാംക്ലാസ്സായിട്ടും, അതിനു താഴെയുള്ള വൃക്ഷങ്ങളെ ന-ം ർ-ം ക്ലാസുകളായിട്ടും തരം തിരിച്ചിട്ടുണ്ട്. ന്യർ നാളികേരം കിട്ടിയിരുന്ന ഒന്നാംക്ലാസു വൃക്ഷത്തിന്റെ നാലിൽ ഒന്നായ ഫന്യ നാളികേരത്തിന്റെ വിലയാണ് (നാല്) ർ ചക്രം കരംനിശ്ചയിച്ചിരിക്കുന്നതു്. ചക്രത്തിനു നാലു നാളീകേരം വെച്ചു് ആ കാലത്തെ റേറനുസരിച്ചു കിട്ടിയ വിലയാണു ർ ചക്രം. ആ കാലമെല്ലാം പോയി ചക്രത്തിനു നാലു നാളികേരം കിട്ടുമെന്ന കഥയേ ആളുകൾ മറന്നു കഴിഞ്ഞു. ഒരുനാളീകേരത്തിനുതന്നെ ഒന്നോ രണ്ടോ ചക്രം വിലയായിരിക്കുന്ന ഈ കാലത്തുപോലും ചക്രത്തിനു നാലു നാളികേരം കിട്ടുന്ന കാലത്തെ പാട്ടം ബേസിസ്സുവെച്ചു വില കണക്കാക്കി റൊക്ക പണം ഭോണ്ഡം കൊടുക്കുന്നതു വളരെ സങ്കടമാണ്.

MR. K. P. NILAKANTA PILLAI (*Chirayinkil*): കുടിയാനവന്മാക്കു വേലക്കൂലി കൂടി വകവച്ചു കൊടുക്കുകയില്ലയോ?

MR. N. R. KRISHNAN (*Nominated*): കൂലികിട്ടുന്നുണ്ടു്. പക്ഷേ അതിൽ കൂടുതൽ കൂറവും സംഭവിക്കാറുണ്ടു്.

ഇങ്ങിനെ ഫന്യ റവ. എൽ. ജെ. കൃഷ്ണക്കാരനും ഫർ റവ. എൽ. ആർ. ജന്മിക്കും സങ്കടത്തെ ഉണ്ടാക്കുന്നതായിട്ടാണ് തീർന്നിരിക്കുന്നതു്. പോടതിയും ഈ രണ്ടു വിധികളേയും സ്വീകരിക്കുന്നതുകൊണ്ടു് ഓരോ കക്ഷികളും അവരവർക്കു ഗുണകരമായ നടപ്പിനെ തെളിയിക്കുന്നതിനു ശ്രമിച്ചുവരുന്നു. തന്നിമിത്തം കുടിയാനവനും വസ്തുടമസ്ഥനും യോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. R. Krishnan.]

ജിച്ചുപ്രവർത്തിക്കാൻ ഒരു നിവൃത്തിയുമില്ല. കോടതിയിൽ പോകുന്ന പക്ഷം ക്രൂരതൽ ദേഹണ്ഡം കിട്ടുമെന്നു കൂടിയാനവനും, അതുപോലെ തന്നെ കോടതിയിൽ പോയാൽ കുറച്ചു ദേഹണ്ഡം കൊടുത്തു വസ്തു ഒഴപ്പിക്കാമെന്നു വസ്തുഉടമസ്ഥനും, വിചാരിക്കുന്നതുകൊണ്ടു വ്യവഹാരങ്ങളും ഒട്ടും ചില്ലറയല്ല. അതിനാൽ ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾക്കിടയാകാതെ ദേഹണ്ഡം കൊടുക്കുന്നതിനെസംബന്ധിച്ചു ഈ രാജ്യത്തു ഒരു സ്ഥിരമായ നിയമമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. പത്തുപതിനാലു സംവത്സരത്തെ എന്റെ തൊഴിലിൽനിന്നും കിട്ടിയ അനുഭവമാണു് ഇതു്. ഇതിനെസംബന്ധിച്ചു് ഞാൻ പ്രജാസഭയിൽ പല ആവർത്തിപറകയും അന്നു് ഇതിലേക്കു് ഒരു ബിൽ നിയമസഭയിൽ ഹാജരാക്കണം എന്നമറുപടി പറയുകയും ചെയ്തതനുസരിച്ചു് ഞാൻ ഇവിടെ ഇതു് ഹാജരാക്കുന്നതാണു്.

മദ്രാസ് ടെനൻസ് ഇംപ്രൂവ്മെൻറു ബില്ലിനെ അടിസ്ഥാനപ്പെടുത്തിയാണു് ഇതു തയ്യാറാക്കീട്ടുള്ളതു്. എന്നാൽ കുടിയാനവനെ സംബന്ധിച്ചിടത്തോളം ദേഹണ്ഡം കുറഞ്ഞുപോയി എന്നു അഭിപ്രായമുണ്ടെങ്കിൽ ഈകൌൺസിലിന്റെ അധികാരമനുസരിച്ചു് കൂട്ടുന്നതിൽ എനിക്കു വിരോധമില്ല. ഞാൻ എന്റെ സ്വന്തഅഭിപ്രായത്തെമാത്രം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കീട്ടുള്ളതാണു്. ഇതിൽ എന്തുഭേദഗതിവരുത്തുന്നതിലും എനിക്കു ഒരു വിരോധവുമില്ല. ഒരുനിയമമില്ലാത്തതുകൊണ്ടു കോടതിയും, എന്നപോലെ, ജനങ്ങളും സങ്കടം അനുഭവിക്കാനിടവരുതെന്നാണു് എന്റെഉദ്ദേശം. ബ്രിട്ടീഷിലുള്ള പല നിയമങ്ങളും തിരുവിതാംകൂറിൽ നടപ്പാക്കിവരുന്നതായിട്ടു കാണുന്നുണ്ടു്. തിരുവിതാംകൂറിൽ വാസ്തവത്തിൽ ഖനികം ഇല്ലെങ്കിലും ബ്രിട്ടീഷ് ഇൻഡ്യയിലുള്ള ഖനി നിയമം മുഴുവനും ഇവിടെ പാസ്സാക്കീട്ടുണ്ടു്. ആസ്ഥിതിക്കു തിരുവിതാംകൂറിലേക്കു നിത്യോപയോഗമായിരിക്കുന്ന ദേഹണ്ഡം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു നിയമംബ്രിട്ടീഷ് ഇൻഡ്യയിൽ പാസ്സായി പത്തു മുപ്പതു കൊല്ലം കഴിഞ്ഞിട്ടുംഇതുവരെയും ഇവിടെ ഏർപ്പെടുത്തീട്ടില്ലാത്തതിനാൽ ഇനിയെങ്കിലും ഒരു നിയമം ഉണ്ടാക്കിത്തരണമെന്നുള്ളതാണു് എന്റെ അപേക്ഷ.

എനിക്കു അനുദ്യോഗസ്ഥസാമാജികന്മാരോടു ഈ അവസരത്തിൽ പറയാനുള്ളതു് കാണപ്പാട്ടം ബില്ലിനെസംബന്ധിച്ചു് ശകുതിയായിട്ടു വാദിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, യഥാർത്ഥകൃഷിക്കാരനും യഥാർത്ഥവസ്തുഉടമസ്ഥനും ഗുണകരമായ ഈ സംഗതിക്കു്

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനം ഉണ്ടാക്കാൻ യോജിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു യാതൊരു കുറവുമില്ലെന്നുള്ളതാണു്. നാം ഓരോരുത്തരും അന്യന്മാരോടു് എന്തു ചെയ്യണമെന്നും അപേക്ഷിക്കുന്നുവൊ അതുപോലെ നാം അന്യന്മാരോടു ചെയ്യുന്നു എന്നുള്ളതിനെ ദൃഷ്ടാന്തമായിട്ടു കാണിക്കേണ്ട ഒരവസരവും ഇതാണു്. ഈ ബില്ലിനെ ഇപ്പോഴത്തെ തള്ളിക്കളയാതെഅതിനെപ്പറ്റി ആലോചിച്ചുവേണ്ട ഭേദഗതികൾ ചെയ്യുന്നതിനു ഈ സഭയ്ക്കുതന്നെ അധികാരമുണ്ടു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇപ്പോൾ ദേഹണ്ഡവില നിശ്ചയിക്കുന്നതിനെ സംബന്ധിച്ചു തിരുവിതാംകൂറിൽ (ചേത്തലതാലൂക്കു ഒഴിച്ചുള്ള സ്ഥലങ്ങളിൽ) ഒരു നിയമം ഇരിക്കുന്നുണ്ടല്ലൊ.

MR. N. R. KRISHNAN (*Nominated*) : അതൊരുനടപ്പുമാത്രമാണു്. അതു് ഒരു കോർട്ടു വിധിമൂലം ഉണ്ടായിട്ടുള്ള വ്യവസ്ഥയാണു്. പ്രത്യേകം ഒരു നടപ്പു ഏതവസരത്തിലും സെറ്റപ്പു ചെയ്തക്കവിധത്തിലാണു് ഇരിക്കുന്നതു്, ഇന്ന ലൊക്കാലിറ്റിക്കു ഇന്നനടപ്പു പാടുള്ളു എന്നു വച്ചിട്ടില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇന്ന ജനറലായിട്ടു ഒരു നിയമം നടപ്പിലിരിക്കുന്നുണ്ടല്ലൊ.

MR. N. R. KRISHNAN (*Nominated*): ഓരോതാലൂക്കിനേയും ബൈൻഡു ചെയ്തതക്കവിധത്തിൽ ഒരു വ്യവസ്ഥയില്ല. നടപ്പിനെ അടിസ്ഥാനപ്പെടുത്തി ദേഹണ്ഡം കൊടുക്കുന്നതിനെ സംബന്ധിച്ചു ബുദ്ധിമുട്ടുകളെ പറ്റി ഞാൻ മുമ്പു പ്രസ്താവിച്ചു കഴിഞ്ഞു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): നൂറു മാസത്തെ ആദായത്തിന്റെ വില ദേഹണ്ഡമായിട്ടു കൊടുക്കണമെന്നു പറഞ്ഞല്ലൊ. അങ്ങിനെ ഒരു വ്യവസ്ഥ ഇപ്പോഴത്തെന്ന തിരുവിതാംകൂറിലില്ലേ?

MR. N. R. KRISHNAN (*Nominated*) : അതു് എല്ലാസ്ഥലത്തും നടപ്പില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഈ ബിൽ ചേത്തലതാലൂക്കിനെ സംബന്ധിച്ചുമാത്രം മതിയാകുമോ?

MR. N. R. KRISHNAN (*Nominated*): ചേത്തല താലൂക്കു പോലെ മറ്റുപല സ്ഥലങ്ങളുമുണ്ടു്. 24 T. L. R. പറയുന്നതു് ഏതെങ്കിലും ഒരു നടപ്പിനെ കാണിക്കാതിരിക്കുന്ന അവസരത്തിൽ ഇങ്ങിനെ ചെയ്യണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) 24 T. L. R. അനുസരിച്ച ഒരുനിയമം തിരുവിതാംകൂറിൽ എല്ലാഭാഗത്തും നടപ്പാക്കിയാൽ മതിയോ?

MR. N. R. KRISHNAN (*Nominated*): അപ്പോൾ 16 T. L. J. റദ്ദ് ചെയ്യണ്ടേ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) അങ്ങിനെ ഒരു ബിൽ മാത്രം മതിയാകുമോ?

MR. N. R. KRISHNAN (*Nominated*): അപ്പോൾ ജന്മിക്ക വലിയ ദോഷമാണ്. വസ്തു ഒഴിപ്പിക്കാൻതന്നെ നിവർത്തിയില്ലാത്ത നിലയിൽ ആയി തീരും.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): 16 T. L. J. അനുസരിച്ച വ്യവസ്ഥ ചെയ്തിട്ടുള്ള നടപ്പിനെ മാറണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണോ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്?

MR. N. R. KRISHNAN (*Nominated*): അതുമാത്രമല്ല. 24 T. L. R. അനുസരിച്ചുള്ള നടപ്പിനേയും കൂടി ഭേദപ്പെടുത്തി ന്യായമായ ഒരു നടപ്പുണ്ടാക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതെങ്ങിനെ മാറണം എന്നുകൂടി ഈ സഭയിൽ പറയുക.

MR. N. R. KRISHNAN (*Nominated*): അതിനെപ്പറ്റി ൯-ാം പാരാവിൽ പറയുന്നുണ്ട്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Suppose a cocoanut tree is in a position to yield the very same income for 60 years. How does he propose to calculate the improvements?

MR. N. R. KRISHNAN (*Nominated*): Clause 9 provides "the court shall determine as nearly as may be the average net money value of such increase and the number of years during which such increase may reasonably be expected to continue and shall then ascertain the present value at 6 per cent of an annuity equal to such money value for such number of years, and also the cost of making such improvements".

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): നൂറു തേങ്ങാ കിട്ടുന്ന ഒരു വൃക്ഷത്തിന് 24 T. L. R. അനുസരിച്ച് എന്തു വില വയ്ക്കും എന്നും, ഇപ്പോഴത്തെ ബിൽ അനുസരിച്ച് എന്തു വില വയ്ക്കുമെന്നും, ചേർത്തല താലൂക്കിലെ നടപ്പനുസരിച്ച് എന്തു വില വയ്ക്കുമെന്നും ഈ സഭയുടെ അറിവിന്നായിട്ട പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. R. KRISHNAN (*Nominated*): അതു ബില്ലിൽ ഉണ്ട്. മലബാറിൽ നടപ്പിൽ ഇരിക്കുന്ന ടെനൻടസ് ഇംപ്രൂവ്മെൻറ് ആക്ടിനെ അടിസ്ഥാനമാക്കിയാണ് ഈ ബിൽ എഴുതീട്ടുള്ളതെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആ കണക്കുകഠം എന്താണെന്നു പറഞ്ഞാൽ ഈ സഭയ്ക്കു മനസ്സിലാക്കാൻ എളുപ്പമുണ്ടല്ലോ.

MR. N. R. KRISHNAN (*Nominated*): 24. T. L. R. ൽ നിന്നും വളരെ കുറവായിട്ടേ വരികയുള്ളൂ.

MR. KAYALAM PARAMESVARAN PILLAI(*Additional Head Sirkar Vakil*): ആ കണക്കു കൂട്ടി പറഞ്ഞല്ലാതെ മനസ്സിലാക്കാൻ സാധിക്കയില്ലല്ലോ?

MR. N. R. KRISHNAN (*Nominated*): കണക്കു കൂട്ടേണ്ട മാതൃകയെപ്പറ്റി ഞാൻ ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും നാളികേരത്തിന്റെ വില വച്ചുകൊണ്ടു കണക്കാക്കിയാൽ മതി. എന്റെ കയ്യിൽ ഒരു ടേബിൾ ഉണ്ട്. അതു മലബാറിൽ നടപ്പിലിരിക്കുന്ന തോതനുസരിച്ചു ദേഹണ്ഡം കൊടുത്തു വരുന്നതിനെപ്പറ്റിയുള്ളതാണ്.

"The net value of the increased price of 25 nuts is four and a half annas. That is, the present value of annuity of 4 1/2 annas for 40 years at 6 per cent is Rs. 3 Annas5 11 Pies".

MR. A. THANU PILLAI (*Trivandrum*): How to calculate ?

MR. N. R. KRISHNAN (*Nominated*): It is a matter of calculation.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) :ഒരു വ്യവസ്ഥവേണ്ടേ? അതൊന്നുകണക്കുകൂട്ടി പറയണം.

MR. N. R. KRISHNAN (*Nominated*): അതുകണക്കുകൂട്ടാതെ നിവൃത്തിയില്ല.

MR. A. THANU PILLAI (*Trivandrum*): ൻ-ാം വകുപ്പിനെ ഒന്നു വ്യാഖ്യാനിച്ചുപറയാമോ?

MR. N. R. KRISHNAN (*Nominated*) : ഞാൻ വ്യാഖ്യാനിച്ചാണ് പറയുന്നതു്.

MR. A. THANU PILLAI (*Trivandrum*): "And shall then ascertain the present value of 6 per cent of annuity equal to such money value for such number of years" ഇതിനെ ഒന്നു വ്യാഖ്യാനിക്കണം.

MR. N. R KRISHNAN (*Nominated*): Suppose the court finds the age of a cocoanut tree between 20 and 30 years. Then its future average

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. R. Krishnan.]

annual yield will probably be 25 nuts. Then the net value of the increase equal to the price of 25 cocoanuts minus the cost of cultivation is 4½ Annas and the present value of annuity for 40 years at 6 per cent of that is Rs. 3-5-11. അതെങ്ങനെ കിട്ടിഎന്നകണക്കുക്കൂട്ടിനോക്കിയാൽ മാത്രമെ അറിയാൻ സാധിക്കയൊള്ളൂ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇപ്പോഠംഇരിക്കുന്ന നടപ്പനുസരിച്ച് ശരിയായതെളിവു കൊടുക്കുന്നപക്ഷം കോടതിയിൽനിന്ന് ന്യായമായ വിധികിട്ടും എന്നു മെമ്പർക്കു അഭിപ്രായമുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഇരുകക്ഷികളുടേയും തെളിവെടുക്കുമ്പോൾ ഒരുഭാഗത്തെ തെളിവിനെ അവിശ്വസിച്ചതിനു ശേഷമല്ലാതെ ഒരുവിധികല്പിക്കുവാൻ സാധിക്കുകയില്ല. തെളിവുതന്നെ ഓറലായിട്ട കൊടുക്കാനെ നിവൃത്തിയൊള്ളൂ. പരിതസ്ഥിതികഠം അനുസരിച്ച ചിലപ്പോൾ ഒരുപാ കരംകൊടുക്കുന്ന ഒരാളിന്റെ മൊഴിയെ കോടതി വിശ്വസിച്ചുഎന്നും ഫ ഒരുപാ കരംകൊടുക്കുന്നയാളിന്റെ മൊഴിയെ അവിശ്വസിച്ചു എന്നും വരാം. ഒരു നിയമം ഇല്ലാതിരിക്കുന്നിടത്തോളംകാലം ഏതെങ്കിലും ഒരുതെളിവനുസരിച്ചല്ലാതെ കോടതിക്കു വിധികല്പിക്കാതിരിക്കാൻ നിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): തെളിവിന്മേൽ അടിസ്ഥാനമാക്കികൊടുക്കുന്ന വിധികഠംക്കെല്ലാം ഈ ഉദ്ദേശ്യമുണ്ടെന്നു പറയാമൊ?

MR. N. R. KRISHNAN (*Nominated*): അതുകൊണ്ടാണു് ഒരു നിയമം വേണമെന്നു പറയുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതിനെ ഇപ്പോഴത്തെ ബിൽ കൊണ്ടു പരിഹരിച്ചാലും, വൃക്ഷങ്ങളുടെ പ്രായം, അതിൽ നിന്നും കിട്ടുന്ന ആദായം ഇവകളൊക്കെ നോക്കിവേണ്ടേ ഒരു വിധി കല്പിക്കാൻ?

MR. N. R. KRISHNAN (*Nominated*): ഒരു നിയമമുള്ളപ്പോൾ വരുന്ന തെറ്റിനും അതിന്റെ അഭാവത്തിൽ വരുന്നതെറ്റിനും വ്യത്യാസമുണ്ടു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): കോടതിയിൽ തെളിവനുസരിച്ചു തീരുമാനിക്കുന്നതു ശരിയായിരിക്കുന്നില്ലെന്നു മെമ്പർ വിശ്വസിക്കുന്നുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഇല്ല, ഒരു നിയമമില്ലാതിരിക്കുമ്പോൾ കോടതിയുടെ തോളം കാലം വെറും തെളിവിനെ മാത്രം അടിസ്ഥാനപ്പെടുത്തി വിധി കല്പിച്ചാൽ വളരെ ബുദ്ധിമുട്ടിനിടയുണ്ടെന്നാണു് പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*) : കുടിയാനവന്മാരിൽ ഭൂരിപക്ഷവും സാധുക്കളാണെന്ന് അറിയാമോ?

MR. N. R. KRISHNAN (*Nominated*); അറിയാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): നിയമം ഏർപ്പെടുത്തിയാലും സംഗതികൾ ധരിക്കുന്നതിനു തെളിവു ആവശ്യമാണെന്നറിയാമൊ?

MR. N. R. KRISHNAN (*Nominated*): തെളിവില്ലെങ്കിലും നിയമത്തെ അടിസ്ഥാനപ്പെടുത്തി വിധികല്പിക്കാൻ സാധിക്കും.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*); തെളിവില്ലെങ്കിലും വിധി കല്പിക്കാൻ സാധിക്കുമോ?

MR. N. R. KRISHNAN (*Nominated*): സാധിക്കും.

MR. K. P. NILAKANTA PILLAI (*Chirayinkil*): ഈ ബിൽ ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടവരേയും കൂടി ബാധിക്കുന്നതാണോ?

MR. N. R. KRISHNAN (*Nominated*): കുടിയാനവന്റെ പക്കൽ നിന്നും ഒഴിക്കാൻ പാടില്ലാത്തവസ്തുക്കളാണല്ലോ ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടവസ്തുക്കൾ.

MR. K. P. NILAKANTA PILLAI (*Chirayinkil*): അതിനേയും ഈ ബിൽ ബാധിക്കുമോ? അതല്ല ശേഷമുള്ളവരെ മാത്രമേ ബാധിക്കയുള്ളൂ?

MR. N. R. KRISHNAN (*Nominated*): അങ്ങിനെയുള്ള വസ്തുക്കളെ ഈ ബിൽ ബാധിക്കയില്ല. എന്നാൽ ജന്മിമാരുടെ വസ്തുക്കൾ വെറും പാട്ടമായി കൊടുക്കുന്നുണ്ട്. അങ്ങിനെയുള്ളവ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടും.

MR. K. P. NILAKANTA PILLAI (*Chirayinkil*): ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ജന്മിമാർ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുമോ?

MR. N. R. KRISHNAN (*Nominated*): വസ്തുക്കൾ വെറും പാട്ടം കൊടുക്കയാണെങ്കിൽ ഇതിൽ ഉൾപ്പെടും.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): വസ്തു ഉടമസ്ഥന്റെ രക്ഷയെ ഈ ബില്ലിൽ കരുതീട്ടുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഉണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli* അതിൽ ഒരുവകുപ്പു ഈ സഭയെ വായിച്ചു കേൾപ്പിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. R. KRISHNAN (*Nominated*): സെക്ഷൻ 8അനുസരിച്ച് വളരെ ഉശ്ചരമായ ഒരു സംഖ്യയേ ദേഹണ്ണം കൊടുക്കേണ്ടതായിട്ടുവരികയൊള്ളൂ. അതു വസ്തു ഉടമസ്ഥന്മാർക്കു അനുകൂലമാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): വസ്തു ഉടമസ്ഥന്മാരുടെ രക്ഷയെ കരുതുന്ന ഏതെങ്കിലും ഒരു വകുപ്പ് ഇവിടെ വായിക്കാമോ?

MR. N. R. KRISHNAN (*Nominated*): Section 9.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): With reference to clause 10 could he tell us what the tenant now gets as compensation for trees of spontaneous growth? Does he get anything now?

MR. N. R. KRISHNAN (*Nominated*): ഇപ്പോഠം ഒന്നും കിട്ടുന്നില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Does not the Bill propose to give three-fourths share when he does not get anything now?

MR. N. R. KRISHNAN (*Nominated*): അതേ, ഞാൻ എന്റെ അഭിപ്രായംമാത്രം പറഞ്ഞു എന്നേയൊള്ളൂ. ഈ ബിൽ ഇതേരീതിയിൽ പാസ്സാക്കണമെന്ന് എനിക്കു നിർബന്ധമില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Is it based on any custom obtaining in any part of Travancore?

MR. N. R. KRISHNAN (*Nominated*): ഇപ്പോഠം ഇവിടെ തന്നത്താനെ മുളച്ചുവളരുന്ന വൃക്ഷങ്ങഠംക്കു് ഒന്നും കിട്ടിക്കൊണ്ടിരിക്കുന്നില്ല. അതിനാൽ അതിനും ഏതെങ്കിലും ഒരംശം കൊടുക്കണമെന്ന് എനിക്കഭിപ്രായമുണ്ട്.

MR. P. S. MAHOMED (*Nominated*): മലബാറിൽ പല സ്ഥലങ്ങളിലും ഈ പതിവുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഉണ്ട്. മലബാറിൽ സ്പാൻടേനിയസ്സ് ട്രീക്കു് നാലിൽ മൂന്നു വില കൂടിയാനവനു കിട്ടുന്നുണ്ട്. എന്നാൽ അയൽ രാജ്യമായ തിരുവിതാംകൂറിൽ ഒന്നും കിട്ടുന്നില്ല. അതിനാൽ ഇവിടേയും കിട്ടണമെന്നാണ് ഞാൻ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikappalli*): മെമ്പർ ഈ അഭിപ്രായത്തെ കാര്യകാരണസഹിതം ഈ സഭയെ ബോദ്ധ്യപ്പെടുത്താമോ?

MR. N. R. KRISHNAN (*Nominated*): ബോദ്ധ്യപ്പെടുത്താം. ഒരു കൂടിയാനവൻ ഒരു വസ്തു പാട്ടത്തിനുവാങ്ങി കഴിഞ്ഞാൽ അതിൽ ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

ആഞ്ഞിലി വൃക്ഷം ഉണ്ടാകുന്ന എന്നു വിചാരിക്കു; ജന്മി അതിനും ഒരു ചെറിയദേഹണ്ഡം കൊടുക്കണമെന്ന വ്യവസ്ഥയില്ലെങ്കിൽ അവൻ ആ വൃക്ഷത്തെ വച്ചുകൊണ്ടിരിക്കയില്ല. പിന്നെ അവന്റെ നല്ല മനസ്സുണ്ടെങ്കിൽ മാത്രമേ വച്ചുകൊണ്ടിരിക്കയൊള്ളൂ. ക്രമാതെ ആ വൃക്ഷങ്ങൾ വളരുന്നതുകൊണ്ട് അതിന്റെ ചുറ്റിലും കൂടിയാനവന് കൃഷിചെയ്യാനും സാധിക്കയില്ല. അവൻ വേറെവല്ലതും കൃഷിചെയ്തിരുന്നു എങ്കിൽ നല്ല ആദായം കിട്ടുമായിരുന്നു. ഇങ്ങിനെ വൃക്ഷം വളരുന്നതുകൊണ്ടു ഒരു സെന്റു സ്ഥലം ഉപയോഗശൂന്യമായിട്ടുപോകുന്നുണ്ട്.

MR. V. J. OOMMEN (*Commerce and Industry, North*) : ആ വൃക്ഷങ്ങൾ ജന്മിക്കു് ആദായമുള്ളതല്ലയോ?

MR. N. R. KRISHNAN (*Nominated*) : കൂടിയാനവന്റെ കാരുണ്യമുണ്ടെങ്കിൽ മാത്രമേ ജന്മിക്കതിൽനിന്നും ആദായം കിട്ടുകയൊള്ളൂ. അങ്ങിനെ കൃഷി നഷ്ടപ്പെടുത്തുന്നതിനുംക്രടി കൂടിയാനവൻ പാട്ടം കൊടുക്കേണ്ടിയിരിക്കുന്നു.

MR. V. J. OOMMEN (*Commerce and Industry, North*) : സ്വാൺടേനിയസ്സായിട്ടു വളരുന്ന വൃക്ഷങ്ങൾക്കു് കൂടിയാനവന്റെ പരിശ്രമമൊന്നും വേണ്ടല്ലോ?

MR. N. R. KRISHNAN (*Nominated*) : അതു വേറെ സംഗതിയാണല്ലോ. സ്വാൺടേനിയസ്സായിട്ടു വളരുന്ന വൃക്ഷങ്ങൾ നില്ക്കുന്ന സ്ഥലത്തു് നാലു വാഴവച്ചാൽ കൂടിയാനവന് ആദായംകിട്ടും. അല്ലാതെ ആ വൃക്ഷം അവിടെനിന്നുകൊള്ളട്ടെ എന്നു വിചാരിച്ചാൽ അവനു മറ്റു കൃഷികളൊന്നും ചെയ്യാൻ സാധിക്കയില്ല. വസ്തുവിനു് പാട്ടവും കൊടുക്കണം. അതു വളരെ കഠിനമാണു്. അയൽരാജ്യമായ മലബാറിൽക്രടിയും സ്വാൺടേനിയസ്സ്ട്രീക്കു് നാലിൽ മൂന്നുവില കൂടിയാനവനും കിട്ടിക്കൊണ്ടിരിക്കുന്നു. അതിനടുത്തു കിടക്കുന്ന തിരുവിതാംകൂറിൽ അങ്ങിനെ കൊടുക്കരുതു് എന്നു പറയുന്നതു് കഷ്ടമാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : കൂടിയാനവൻ ചെയ്യുന്ന ജോലിക്കു പ്രതിഫലം കൊടുക്കണമെന്നുണ്ടല്ലോ. ആ സ്ഥിതിക്കു് ഒരു ശ്രമവും ചെയ്യാതെ വളരുന്ന സ്വാൺടേനിയസ്ട്രീക്കും ഒരു വിലകൂടിയാനവനു് കൊടുക്കണമെന്നു പറയുന്നതു് ജന്മിനന്നാകാൻപാടില്ല എന്നുള്ള ഉദ്ദേശത്തിലല്ലേ?

MR. N. R. KRISHNAN (*Nominated*) : കൂടിയാനവനും ജന്മിയും നന്നാകണം. രണ്ടുകൂട്ടരും ഈ രാജ്യത്തു് ജനിച്ചുവളരുന്നവരാണു്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. R. Krishnan.]

ക്കുട്ടക്ക് വസ്തുവില്ലെന്നു വിചാരിച്ച് അവർ വസ്തു പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നതിനുള്ള ക്രെഡിറ്റ് കൊടുത്തുകൂടാ എന്നു പറയുന്നതു കഷ്ടമാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കുടിയാനവൻ ചെയ്യുന്ന ജോലിക്കെല്ലാം കൂലികൊടുക്കണമെന്നു പറയുന്നുണ്ട്. ജോലിചെയ്യാത്തതിൻപേരിൽ കൂടി കൂലികൊടുക്കണോ?

MR. N. R. KRISHNAN (*Nominated*): അവൻ നഷ്ടം സഹിച്ചിരുന്നാൽ അതും കൊടുക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikappalli*): എന്തു നഷ്ടമാണ്?

MR. N. R. KRISHNAN (*Nominated*): ആഞ്ഞിലി വൃക്ഷം വളർന്നുവന്നിരുന്നാൽ അവന് മറ്റു കൃഷികൾഒന്നും ചെയ്യാൻ സാധിക്കയില്ല. അതു നഷ്ടമല്ലേ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതു നഷ്ടമല്ലല്ലോ?

MR. N. R. KRISHNAN (*Nominated*): നഷ്ടംതന്നെയാണ്. ജന്മിക്കു നല്ല ആദായംകിട്ടും, കുടിയാനവന് ഒന്നും കിട്ടുകയില്ല.

MR. REVATI NAL RAMAVARMA RAJA (*Edavagai*): കുടിയാനവൻ ഇതൊക്കെ നോക്കിയല്ലേ പാട്ടം വാങ്ങിക്കുന്നതു?

MR. N. R. KRISHNAN (*Nominated*): അതേ.

MR. REVATI NAL RAMAVARMA RAJA (*Edavagai*): പിന്നെ അതിൽ സങ്കടം ഉണ്ടാകാൻ വഴിയില്ലല്ലോ.

MR. N. R. KRISHNAN (*Nominated*): പാട്ടംവാങ്ങി വസ്തു കൈവശം വന്നശേഷം ഇങ്ങനെയുള്ള വൃക്ഷങ്ങൾ ഉണ്ടായി എന്നുവരാം.

MR. REVATI NAL RAMAVARMA RAJA (*Edavagai*): അതിനുശേഷം ഉണ്ടാകുന്ന വൃക്ഷങ്ങളെ വെട്ടിക്കളയുന്നതിൽ ഉടമസ്ഥനു വല്ല സങ്കടവുമുണ്ടോ?

MR. N. R. KRISHNAN (*Nominated*): ജന്മി അങ്ങിനെ സങ്കടം ധാരാളം പറഞ്ഞിട്ടുണ്ട്.

MR. A. THANU PILLAI (*Trivandrum*): ഒൻപതാം വകുപ്പിനെപ്പറ്റി ഒരു ചോദ്യം ചോദിക്കട്ടെ? ഒരു പാട്ടവസ്തുവിൽ നൂറുരൂപാ ആദായം കിട്ടത്തക്കവണ്ണമുള്ള തെങ്ങുകൾ വച്ചിട്ടുണ്ടെന്നു വിചാരിക്കുക. എന്നാ

LIBRARY ARCHIVES Kerala Legislative Assembly

ൽ കുടിയാനവന്റെ പ്രയത്നംകൊണ്ട് ഫ ൦ ൦ രൂപാ കൂടെ കൂടുതൽ ആദായംകിട്ടുന്നു. ഈ വസ്തു ഒഴിപ്പിക്കുമ്പോൾ ജേഹണ്ഡക്കാരന് എത്ര രൂപാ കൊടുക്കണമെന്നും ഈ തെങ്ങുകൾ ൪ ൦ വർഷത്തിനുമേൽ കായ്ക്കുന്നതാണെന്നും വിചാരിക്കയാണെങ്കിൽ ജേഹണ്ഡക്കാരന് ഈ ബില്ലിലെ ൯–൦ വകുപ്പനുസരിച്ച് ജേഹണ്ഡം ഉദ്ദേശം എണ്ണുകൊടുക്കേണ്ടിവരുമെന്നു പറയാമോ?

MR. N. R. KRISHNAN (*Nominated*) : I have already stated in answer to the Law Member's question that that is a matter of calculation.

MR. A. THANU PILLAI (*Trivandrum*) : അതിന്റെകൂടെയും ഗ്രഹിക്കാനാണ് ഈ ചോദ്യം ചോദിക്കുന്നത്?

MR. N. R. KRISHNAN (*Nominated*): ൪ ൦ വർഷത്തേക്ക് എന്താദായം കിട്ടുമോ അതിന്റെ പകുതി കണക്കാക്കികൊടുക്കണം. അതായത് ഫ ൦ വർഷത്തെ ജേഹണ്ഡം കൊടുക്കണം.

MR. A. THANU PILLAI (*Trivandrum*): ഉദ്ദേശം എന്തു വ്യത്യാസം ഉണ്ടാകുമെന്നറിയാനാണു ചോദിക്കുന്നത്?

MR. N. R. KRISHNAN (*Nominated*). അതു കണക്കു കൂട്ടിനോക്കണം. ഒരു വൃക്ഷം കുലച്ചാൽ മുപ്പതുവർഷമോ ൪ ൦ വർഷമോ ആദായം കിട്ടുമെന്നു വിചാരിക്കുക.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒരുദ്ദേശം വച്ചല്ലേ വിചാരിക്കാൻ തരമുള്ളൂ. അല്ലാതെ ഒരു ക്ലിപ്തമില്ലല്ലൊ.

MR. N. R. KRISHNAN (*Nominated*): ഇതിൽ പത്തുകൊല്ലമെന്നും മുപ്പതുകൊല്ലമെന്നും വച്ചു കണക്കാക്കുന്നതിൽ വലിയ വ്യത്യാസമില്ല.

MR. A. THANU PILLAI (*Trivandrum*): ഉണ്ട് എന്നാണ് എന്റെ അഭിപ്രായം.

MR. N. R. KRISHNAN (*Nominated*) : വലിയ വ്യത്യാസമില്ല.

M. A. G. MENON (*Parur*) : മി: കൃഷ്ണനു മലബാറിൽ ഉള്ള വല്ല വസ്തു ഉടമസ്ഥന്മാരേയും പരിചയമുണ്ടോ?

MR. N. R. KRISHNAN (*Nominated*) : ധാരാളം പരിചയമുണ്ട്.

MR. A. G. MENON (*Parur*) : അവിടത്തെ സ്ഥിതി എനിക്കുനല്ലവണ്ണം അറിയാം. ഓരോ തെങ്ങിനും അവിടെ ഇപ്പോൾ മുപ്പതു രൂപ മുതൽ അൻപതു രൂപവരെ കാമ്പൻസേഷൻകൊടുക്കുന്നുണ്ട്.

MR. N. R. KRISHNAN (*Nominated*): അവിടെ അങ്ങിനെ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. G. MENON (*Parur*) : അങ്ങനെ കൊടുക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്റെ ഭാഗ്യക്കുതന്നെ അവിടെ വസ്തുക്കളുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഒരു വസ്തു വിലയ്ക്കു മേടിച്ചാൽ എന്തു പലിശനടക്കും? അരപ്പണ പലിശ നടക്കുമോ?

MR. N. R. KRISHNAN (*Nominated*) : അതു് എന്റെ സ്നേഹിതനുതന്നെ അറിയാമെന്നുള്ളതുകൊണ്ടു് ഞാൻ പറയുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സാധാരണവസ്തുവിൽ എന്തുപലിശനടക്കും?

MR. N. R. KRISHNAN (*Nominated*): ചിലതിൽ മുക്കാൽപ്പണ പലിശയും ചിലതിൽ അരപ്പണ പലിശയും നടക്കും.

MR. R. RAMAN PILLAI (*Kottayam*) : വസ്തുവിൽ എന്തുനടക്കും എന്നാണു ചോദിക്കുന്നതു്?

MR. N. R. KRISHNAN (*Nominated*): പണംപലിശയ്ക്കു് കൊടുക്കയാണെങ്കിൽ ഡിമാൻറനുസരിച്ചുള്ള പലിശകിട്ടും. വസ്തുവിൽ അരപ്പണ പലിശ തീർച്ചയായിട്ടും നടക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : അരപ്പണപലിശ നടക്കത്തക്കവണ്ണം വസ്തുക്കളുണ്ടോ?

MR. N. R. KRISHNAN (*Nominated*) : മലബാർ ടെനൻസ് ഇംപ്രൂവ്മെൻറു് ആക്ടു് അനുസരിച്ചു് അരപ്പണ പലിശയാണു് വസ്തുവിൽനടക്കുന്നതു് എന്നുകാണുന്നുണ്ടു്.

അതിനാൽ ഭോഗ്യം കൊടുക്കുന്നതിനെ സംബന്ധിച്ചു ഒരു നിയമം വേണമെന്നാണു് ഞാൻ ഈ സഭമുമ്പാകെ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അങ്ങിനെ ഒരു നിയമം വേണമെന്നു് ഈ സഭയിൽനിന്നും ഒരു നിശ്ചയം പാസാക്കിയാൽ ഗവണ്മെൻറുഭാഗത്തുനിന്നും തന്നെ ഒരു ബിൽകൊണ്ടുവരികയില്ലയോ?

MR. N. R. KRISHNAN (*Nominated*) : അങ്ങിനെ ഗവണ്മെണ്ടുഭാഗത്തുനിന്നും കൊണ്ടുവരികയാണെങ്കിൽ ഞാൻ ഇതു പിൻവലിക്കാൻ തയ്യാറാണു്.

MR. REVATI NAL RAMAVARMA RAJA (*Edavagai*) : ഇങ്ങനെ ഒരുനിയമത്തിന്റെ ആവശ്യകതയെപ്പറ്റി ഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. R. KRISHNAN (*Nominated*): ഞാൻ പ്രജാസഭയിൽ ഇതിനെ പ്പററി വാദിച്ചിട്ടുണ്ട്. അന്നു നടകിയ മറുപടി നിയമസഭയിൽ ഒരുബി ൽ കൊണ്ടുവരണമെന്നുള്ളതായിരുന്നു. അങ്ങിനെ ഒരു ബിൽ നിയമ സഭയിൽ ഹാജരാക്കാനുള്ള അവസരം എനിക്കുതന്നെ ഇപ്പോൾ ലഭ്യമാ കയും ചെയ്തു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ബിൽ അനുസരിച്ചും ദേഹണ്ഡംതിട്ടപ്പെടുത്തുന്നതിനു കമ്മി ഷൻ അയക്കയും തെളിവെടുക്കുകയും വേണമെല്ലൊ.

MR. N. R. KRISHNAN (*Nominated*): അതു വസ്തുവിനെ അടിസ്ഥാന പ്പെടുത്തി കമ്മിഷൻവേണ്ടിവരും. കോടതിക്കു ഒരു നിയമമില്ലാത്തതു കൊണ്ടു അതിനെ പരിഹരിക്കുന്നതിനാണു ഈ ബിൽ കൊണ്ടുവന്നിട്ടു ള്ളതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കമ്മിഷൻ വേണമെല്ലൊ. അതില്ലാതെ ഈ ബിൽകൊണ്ടു മാത്രം സങ്കടപരിഹാരം ഉണ്ടാകയില്ലല്ലൊ.

MR. N. R. KRISHNAN (*Nominated*): കമ്മിഷൻവേണം. പക്ഷെ ഒ രു നിയമമില്ലാത്തതു കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പററിയാണു് ഇവി ടെ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കമ്മീഷണർ വൃക്ഷങ്ങളുടെ ജാതകംക്കൂടി തിട്ടപ്പെടുത്തണ്ടെ?

MR. N. R. KRISHNAN (*Nominated*): കമ്മിഷൻ പോകാതെ അതു സാധിക്കയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മേലാൽ ആ വൃക്ഷം എത്രനാൾ കാഫലമുള്ളതായിരിക്കുമെന്നുക്കൂടി നോ ക്കണ്ടെ?

MR. N. R. KRISHNAN (*Nominated*)): അതും നോക്കേണ്ടിവരും.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ ബിൽ ജന്മിമാ രുടെ കുടിയാന്മാരെക്കൂടി ബാധിക്കുമൊ?

MR. N. R. KRISHNAN (*Nominated*): ജന്മികുടിയാൻബില്ലിൽ ഉൾപ്പെ ട്ടിട്ടുള്ള കുടിയാന്മാരിൽ Irredeemable വസ്തുക്കൾ അനുഭവിക്കുന്നവരെഇ തിൽ ഉൾപ്പെടുത്തീട്ടില്ല.

Irredeemability is the test of the Jenmi-Kudiyan Regulation. Redeemability is the test of the Bill, That has nothing to do with this.

LIBRARY ARCHIVES Kerala Legislative Assembly

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): വെറും പാട്ടമൊ ഒറിയൊ കൊടുക്കുമ്പോൾ ആ പ്രമാണത്തിൽ വല്ല കരാറുകളും കാണുകയില്ലയൊ?

MR. N. R. KRISHNAN (*Nominated*): അതിനെപ്പറ്റി എന്റെ സ്നേഹിതൻ വായിച്ചുനോക്കിയാൽ മനസ്സിലാകും.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Sir, I beg to oppose the motion. I may at the outset concede that the question of improvements is an important issue arising in several suits for the recovery of property. No doubt there is considerable difficulty in assessing accurately the value of improvements due to the tenant from the landlord. Some methods have been devised under which the claims of the tenants and the claims of the Jenmies are being adjusted by our courts all along. The essential basis of these decisions is in either the terms of the contract or the usage obtaining in the locality. The contract itself may be presumed to be merely an expression of the usage obtaining in the locality. If you think it absolutely necessary to have one uniform rate of adjustment between the landlord and the tenant throughout Travancore, you are not pursuing a policy of fairness and justice, but only adopting a purely mechanical method of getting rid of the difficulty.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether it is intended in this Bill that there should be a uniform rate applicable throughout the State?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Yes, that is what I understand.

MR. N. R. KRISHNAN (*Nominated*): No.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I request the Deputy President to point out that clause of the Bill which provides it?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Clause 9 itself. That is the object of the Bill. Either my friend and myself have put different interpretations, or clause 9 is worrying us in spite of the attempts made by the mover to explain it.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I draw his attention to the provision that lists applicable to different localities may be published by the Government?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): As regards the maximum and minimum price of produce, if the maximum price and minimum price of particular articles or produce be published in the Gazette and the judges should rely on that for their guidance, there will not be much difficulty at all. What I wanted to emphasise was, that you have no uniformity throughout Travancore. You should not blindly attempt to secure a uniform rate in Travancore. In fact, Sir, the method of assessing pattom and the method of assessing

LIBRARY ARCHIVES Kerala Legislative Assembly

improvements bear a very intimate relation to one another; especially to my friend coming from Shertallai it looks very anomalous that a first class tree gives the tenant only something like one rupee as compensation for improvement that he has effected. At first blush it would look as if it is unconscionable, but if you will remember that the rate of pattom that a Jenmi is getting for a first class cocoanut tree is only 4 chackrams, the position is not so objectionable. For the purpose of fixing of pattom of a venpattom holding, suppose the land-lord is satisfied with 4 chackrams for a year, probably the tenant gets that four chackrams out of 4 cocoanuts cropped. That is all that the land lord gets, and, necessarily the bulk of the net profits arising from the yield goes into the pockets of the tenants. That is just the reason why at the time of eviction in the Shertallai taluk one-fourth nadavukoor is invariably adopted.

MR. N. R. KRISHNAN (*Nominated*): ഈ വൃക്ഷത്തിന് അന്ന് പാട്ടം നാല്പ്പക്കം തന്നേയാണൊ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Probably you are now getting a higher rate. I am just talking of the days when the tenant was allowed only one-fourth compensation.

MR. N. R. KRISHNAN (*Nominated*): ഇപ്പോഴും നാലിൽ ഒന്നാണ് കാമ്പൻസേഷൻ കൊടുക്കുന്നതു?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): At any rate, that was the finding of the High Court, Sir, in an old case, and that was in accordance with the practice obtaining in the taluk of Shertallai for decades together.

Now, I am just submitting, Sir, that the fact that the landlord gets only a very small part of the net usufruct of the land is one of the reasons, one of the considerations, for fixing the low rate of compensation to the tenant. That is number one.

Number two is, in some places, the facilities for cultivation may be more satisfactory than in other places. In the latter cases the tenant's work should be valued at a little more than in the former where his work is not so heavy or so difficult. Considerations like these must have entered into the minds of the landlords and the tenants when they fixed up the terms of the *pattom*, and the terms of the *nadukooru* due to the tenant. We cannot afford to overlook these longstanding usages in the country. My friend, at one stroke, wants this Council to declare all these usages, absolutely void. Clause 2 of his bill says.

"All customs in the matter of improvements recognised by courts of law are hereby repealed".

Now, Sir, I am at one with my friend in thinking that in cases not covered by the written contracts there *is* difficulty in establishing the actual usage itself. And the High Court has come to the relief of the tenant by declaring that in the absence of any contract or usage to the

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur K. A. Krishna Aiyangar.]

contrary the tenant shall get three-fourths of the value of bearing trees and the full value of non-bearing trees. I do not know whether in the new scheme proposed by my friend the tenant is placed in a more satisfactory position. These are the three ways in which the question can be approached. Is it a matter of contract? If there is no contract, is it a matter of usage? If there is neither contract nor evidence of usage the Court steps in and gives the tenant more favourable treatment than you give him, by declaring three-fourths of the value of bearing trees and the entire value of non-bearing trees as the value of improvements.

MR. N. R. KRISHNAN (*Nominated*): കുലക്കാത്ത വൃക്ഷം കുലക്കുന്നതുവരെ ജന്മി ക്ഷമിച്ചിരുന്നാൽ കുലക്കാതിരിക്കുന്ന വൃക്ഷങ്ങൾക്കും മുഴുവൻ ദേഹണ്ഡം കൊടുക്കുന്ന എന്നുള്ള സങ്കടത്തിനവകാശമില്ലല്ലോ.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): At any rate, the tenant does not stop there. He goes on planting trees. It is an unthinkable position that my friend suggests, the position that the landlord may wait until all the trees begin to bear, as if the tenant would keep quiet all the time. It is impossible ordinarily to think of a compound where *all* the trees have come into bearing. The tenant goes on planting; and old trees come down. That is what we find actually in the country, in the case of cocoanut at any rate.

My friend wants the court to ignore all usages obtaining in the country. Usages at least may be difficult of proof, Sir. What is worse than that, in the case of written contracts, my friend provides in clause 19 of his draft Bill.

"Nothing in any contract made shall take away or limit the right of the tenants to make improvements and to claim compensation for them in accordance with the provision of this Regulation"

Let me, in this matter, at the outset submit, Sir, that this Bill, as it is drafted, does not include cases covered by the Jenmi-Kutiyan Regulation. That is a self-sufficient Regulation. The cases of redemption contemplated under the existing Jenmi-Kutiyan Regulation are very few. The contingency may not arise at all; and even if the contingency arises, that Regulation provides that the tenant's share shall be three-fourths as regards plantations. In this Bill, Sir, there is no provision to repeal the provisions of the Jenmi-Kutiyan Regulation with reference to improvements. So, I take it that my friend has in view cases of eviction outside the purview of the Jenmi-Kutiyan Regulation; because, as I said, there is no provision in this Bill repealing or modifying any of the provisions of the Jenmi-Kutiyan Regulation. So, this Bill has nothing to do with cases covered by the Jenmi-Kutiyan Regulation. Now, my friend says that any contract between landlord and tenant shall be declared to be void and the rights of the parties worked out according to the lines laid down in his draft Bill. When we are dealing with *purdahnashan* ladies, when we are dealing with infants, minors, idiots, lunatics, we say that contracts entered into with people of such defective

LIBRARY ARCHIVES Kerala Legislative Assembly

mentality ought to be treated as void. Am I to understand that these are the characteristics of the tenants in Travancore? I positively decline to accept that. The tenants of Travancore, Sir, *exactly know* the implications of the contracts they enter into. In all my experience as a lawyer, which extends to a period of over thirty-four years, I have not come across a single case where the tenant pleaded that he put his signature to the contract of tenancy, under pressure or in ignorance.

MR. K. P. NILAKANTA PILLAI (*Chirayinkil*): Does the learned Deputy President say that *no* tenant has pleaded coercion or undue pressure?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): In all my life I have not come across a single case where the tenant pleaded that he put his signature to the contract of tenancy under pressure or coercion. It is only in those cases where the courts are satisfied that it is not an expression of free will on the part of the contracting parties——

MR. P. S. MAHOMED (*Nominated*): മുഴുവൻ മനസ്സിലാക്കിയില്ല ഒപ്പിട്ടുകൊടുക്കുന്നതെന്തു വല്ല കേസ്സുകളും വന്നിട്ടുണ്ടോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I suppose, that is not peculiar to the law of landlord and tenant.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the learned Deputy President whether he has come across any case in which the Jenmies, while they really intended to make use of the registered deed, had come to a private understanding with the tenant that he need not actually pay anything as stated in the deed, and thereby induced the tenant to sign the registered deed and thus indirectly coerced him?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I am sorry, Sir, that has not been within the range of my experience.

MR. K. P. NILAKANTA PILLAI (*Chirayinkil*): Will the learned Deputy President be pleased to define, in a comprehensive way, what is meant by '*usage*'?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): That what is accepted by the people in the locality as binding on them in all contracts of tenancy will be the usage in that particular locality, provided it is not unconscionable according to the highest principles of justice, equity and good conscience.

MR. P. S. MAHOMED (*Nominated*) I do not refer to that. അവർ താമസിക്കുന്ന പുരയിടങ്ങളിൽ രാത്രി ഏഴു മണിവരെ ദേഹണ്ഡം ചെയ്തശേഷം വീണ്ടും പിറേറ ദിവസം ഫാക്ടറി ജോലിക്കു പോകുന്നു. ഇങ്ങനെ ഫാക്ടറിയിൽ വേല ചെയ്ത് രാത്രി വാട്ടിൽവന്നു ഈ സ്ഥിതിയിൽ കഷ്ടപ്പെട്ടു ഉണ്ടാക്കുന്ന ദേഹണ്ഡത്തിൽ നിന്നും അവക്കു വേണ്ടവിധം ആഹാരം കൊടുക്കാതെ അവരെ വെളിയിൽ ഇറക്കിവിടുമ്പോൾ അവക്കുണ്ടാകുന്നമനോവികാരം ഏതുവിധത്തിലായിരിക്കുമെന്നു അല്പം ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണ്. അങ്ങിനെയുള്ള വികാരങ്ങളുണ്ടാക്കാതിരിക്കത്തക്കവണ്ണം ഒരു നിയമം പാസ്സാക്കി അവരുടെ ആഹാരത്തിനുമതിയാകത്തക്കവണ്ണമുള്ള ഒരുശമ്പളം അവക്കുകിട്ടുന്നതിനു സൌകര്യം ഉണ്ടാക്കിവയ്ക്കേണ്ടതു് അത്യാവശ്യമാണ്.

വസ്തു ഉടമസ്ഥന്മാർക്ക് ഇവരെക്കൊണ്ടു ഒപ്പു ഇടുവിച്ചു മേടിക്കാൻ യാതൊരു പ്രയാസവുമില്ല. അധികവും ഒപ്പിടുവിച്ചു വാങ്ങിക്കൊണ്ടു പിന്നീടു ഏഴുതാക്കൊള്ളാമെന്നു പറയുന്നവരാണ്. കൂടിയാനവൻ ഇതിനെ സമ്മതിക്കുകയും ചെയ്യും. ഇപ്രകാരമാണ് അധികവും നടക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ പരിഹരിക്കുന്നതിന് ഇപ്രകാരം ഒരു ലാ അത്യാവശ്യമാണ്.

ഇതിനെ സംബന്ധിച്ചുള്ള കാൽക്കുലേഷനിൽ മിസ്റ്റർ കൃഷ്ണനു തെറ്റിപ്പോയി എന്നു പറയുന്നു. എന്നാൽ മിസ്റ്റർ കൃഷ്ണന് ഏതെങ്കിലും രീതിയിലുള്ള ഒരു കാൽക്കുലേഷൻ വേണമെന്നേയുള്ളൂ. മിസ്റ്റർ കൃഷ്ണന്റെ മനഃസ്ഥിതിയനുസരിച്ച് ഒരു കാൽക്കുലേഷൻ ഇവിടെകൊണ്ടുവന്നു. അതു തെറ്റിപ്പോയെങ്കിൽ അതിനെ ശരിപ്പെടുത്താൻ പ്രയാസമില്ലല്ലൊ. അല്പസല്പം ന്യൂനതയുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് ഈ കൌൺസിലിനു ധാരാളം സൌകര്യമുണ്ട്. അതുകൂടാതെ ഈ ബിൽ ഒരിക്കലല്ല ഇനിയും ഈ കൌൺസിലിൽ വരേണ്ടതായിരിക്കുന്നു. അപ്പോൾ സമയങ്ങളും കൊണ്ട് ഇതിലെ ന്യൂനതകളും പരിഹരിക്കപ്പെടാം. അതുകൊണ്ട് മിസ്റ്റർ കൃഷ്ണന്റെ ബില്ലിനെ ഞാൻ ബലമായി പിൻതാങ്ങുന്നു.

MR. K. MADHAVAN (*Nominated*): സർ, മിസ്റ്റർ കൃഷ്ണൻ അവർകളുടെ അഭിപ്രായത്തെ നാമെല്ലാം പിൻതാങ്ങിച്ചൊല്ലുകിറേൻ. മിസ്റ്റർ കൃഷ്ണനുടെയ അഭിപ്രായം ഇന്ത സഭയിൽ കൊണ്ടുവന്ത വിഷയമാക; ഉടമസ്തരുക്കും പാട്ടക്കാരുക്കും തൊല്ലൈ വരാതിരുക്കവേണ്ടിയ വിഷയം. ഇവർകളുക്കു നടുവിൽ ഏതാകണ്ണം പോകാതപടി ചെയ്യവും, ആക ഇന്ത രണ്ടു വിഷയമാക അവർ ഇതൈ, ഇന്ത ബില്ലൈ, ഇങ്കേ കൊണ്ടിവന്താർ. മിസ്റ്റർ ഉമ്മൻ അവർകളുടെയ അഭിപ്രായത്തിൽ, താമസിക്കമാത്തിരം ഇടം കൊടുത്താൽ ഇന്ത മാതിരിയെല്ലാം വരും എന്നു തെരിവിത്താർ. താമസിക്ക മാത്തിരം ഇടം കൊടുത്തിരുപ്പാർകളാനാൽ ഇന്ത പാവപ്പട്ടവർകൾ പോകമാട്ടാർകൾ. അവർകളൈ ഇന്ത ഉടമസ്തർകളും പോകച് സൊല്ലമാട്ടാർകൾ. ഇന്ത ഏഴൈ ജനങ്കൾ താങ്കൾ പോകിറ സ്തലങ്കളൈ 100, 200 രൂപായ് കൊടുത്തു നടുവണം സെയ്തു, അന്ത സ്തലങ്കളൈ നല്ല നിലൈമൈയിൽ കൊണ്ടുവന്തിരുക്കിറാർകൾ. അപ്പടിക് കൊണ്ടുവന്തവർകളൈ ഒഴിപ്പതും, കഷ്ടമായിരുക്കിറതു. ചില സ്തലങ്കളിൽ 10, 20 പേർ പോയ് താമതിത്തു, നിലത്തൈ പണ്പടുത്തി, മരങ്കൾ വൈത്തു പിടിപ്പിത്തു, അനുപവിത്തുവരുമ്പോതു, അവർകളുക്കുപ് പോകവേണ്ടിയിരുക്കിറതു. ഇരണ്ടാമ്മടൈ പകുതിയിൽ താമതിത്തുവന്ത ഏഴൈ ജനങ്കൾ, താങ്കൾ നടുവണം സെയ്ത ഇടങ്കളൈ അവർകളുക്കു ഒഴിപ്പിക്കവേണ്ടിയിരുക്കിറതു. ചില സ്തലങ്കൾ നല്ലതെന്റു കണ്ടു, മറ്റവർകൾ ഇവൈകളൈ, താങ്കൾ 50 വരുഷത്തിറ്കുമുൻ പതിത്തിരുക്കിറാർകളെന്റു സൊല്ലി ഒരുകള്ള രിക്കാർഡു തയാരിത്തു കേസ് കൊടുത്തു ഇന്ത ഏഴൈകളൈ ഒഴിപ്പിക്കിറാർകൾ. ഗവൺമെന്റാണമ ഓട്ടിലും ഇന്ത ഏഴൈ ജനങ്കൾ ഇന്തമാതിരി കഷ്ടങ്കളൈ അനുപവിക്കിറാർകൾ. അവർകൾ തങ്കൾ ഇടങ്കളിൽ മരം പിടിപ്പിത്തു നടുവണം സെയ്തു, ഭൂമിയെ നല്ല നിലൈമൈയിൽ കൊണ്ടുവന്തു ജീവിതിരുന്ത ജനങ്കളുക്കു അന്ത ഇടങ്കളൈ അവർകളുക്കേപ് പതിത്തുക് കൊടുക്കവേണ്ടും. നടുവണം സെയ്ത നിലങ്കളൈ അന്തപ് പാവങ്കളുക്കേ പതിത്തുക് കൊടുക്കവേണ്ടുമ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Madhavan.]

ഏഴ ജനങ്ങൾ ഉടമസ്ഥർ സ്ഥലങ്ങളിൽ താമസിച്ചു, മരങ്ങൾ നട്ടു, അവകൾ കായ്പ് പലൻ അടുത്തവുടൻ ഇവർ പോകേണ്ടിയിരുക്കിറതു. ഇവർകൾ നിലങ്കളെ കൽല നിലമയിൽ കൊണ്ടു വന്തതുതാൻ മിച്ചം. ഒരു പലനുമില്ലൈ. ആതലാൽ ഇന്തക് കാരിയത്തൈ ഇന്ത സൈയിൽ പൈചൽ ചെയ്യവേണ്ടിയതു മുക്കിയമാനതു. ചന്തതിക്കാർകൾ ഇന്ത ഏഴൈ ജനങ്കളുക്കു ഒന്റും കൊടുക്കാമൽ അവർകളൈ ഴുപ്പിത്തു വിടുകിറാർകൾ എന്റു നൻറായ്ത് തെരികിറതു. സ്ഥാനം ഒട്ടിലും ഇരുക്കിറ സ്ഥലങ്കളൈ നൽല നിലമയിൽ കൊണ്ടിവരുകിറീർകൾ ഇന്ത ഏഴൈ ജനങ്കൾ. ആതലാൽ നൽല നിലമയിൽ ഇരുപ്പവർകൾ ഇവർകളുക്കു 10, 20-ഉം തൊണ്ടു തരൈ ഇവർകളിൻ കഷ്ടത്തിർകാക കൊടുക്കവേണ്ടിയതു. 10, 20 വരുഷമാക ഇരുന്തവർകൾ തങ്കൾ ഇടങ്കളൈ വിട്ടുപ് പോകവേണ്ടിയിരുക്കിറതു. അപ്പടിപ്പോക സൊല്വതു മിക്കക് കഷ്ടം. ഇവർകൾ ഉതവി അറ്റവർകൾ, ആതരവറ്റവർകൾ, പണമില്ലാതവർകൾ, സകായമറ്റവർകൾ. ആതലാൽ അവർകളുക്കു കവർമെണ്ടു ഉതവി ചെയ്യവേണ്ടുമെന്റും മിസ്ടർ കിരുഷ്ണൻ അവർകൾ കൊണ്ടുവന്ത പിൽലൈ പൈചൽ ചെയ്യവേണ്ടുമെന്റും കേട്ടുക്കൊൾകിറേൻ.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): ഏഴ ജനങ്കളുക്കു അനുഭവം തരുകിറ മരങ്കളുക്കു $\frac{3}{4}$ വിലയും, പറ്റവകളുക്കു മുഴുപാകമും കൊടുക്കപ്പടുകിറതേ. മുഴു വിലയും കൊടുത്താൽ പോതാതാ എന്റു കേട്ടേൻ?

MR K. MADHAVAN (*Nominated*): അപ്പടിയാവതു അവർകളുക്കുക്കൊടുക്കവേണ്ടിയിരുക്കിറതു.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President:*) മുഴുവിലയുമാ?

MR. K. MADHAVAN (*Nominated*): സാത്തിയമോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അപ്പടിയാകിൽ സാത്തിയമോ എന്റു കേട്ടേൻ?

MR. V. S. KRISHNA PILLAI (*Thiruvalla*): സർ, മിസ്റ്റർ കൃഷ്ണൻറെ ബില്ലിനെ ഞാൻ എതുക്കുന്ന എന്നു പറയേണ്ടിവന്നതിൽ വലിയമന സ്ഥാപമുണ്ടു്. വസ്തു അനുഭവക്കാരായ സാധുജനങ്ങളുടെ പേരിലുള്ള തുച്ഛിക്കുറവുകൊണ്ടോ അല്ലെങ്കിൽ അവരോടുള്ള അനുഭാവത്തിൻറെ കുറവുകൊണ്ടോ അല്ല ഞാൻ ഇതിനെ എതുക്കുന്നതു്. നേരെമറിച്ചു അവരോടുള്ള അനുകമ്പയുടെ കൂട്ടൽ കൊണ്ടാണു് ഇതിനെപ്പറ്റി അല്പം പറയാമെന്നു് ഞാൻ ആഗ്രഹിക്കുന്നതു്.

വസ്തു അനുഭവക്കാർ രണ്ടു മൂന്നു തരമുണ്ടു്. ഒറ്റിയായി അനുഭവിക്കുന്നവർ, പാട്ടമായി അനുഭവിക്കുന്നവർ, ഉടമസ്ഥൻറെ അറിവോടും സമ്മതത്തോടും കൂടി കരാർ യാതൊന്നും ചെയ്യാതെ വസ്തു അനുഭവിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നവർ, ഉടമസ്ഥന്റെ അറിവും സമ്മതവും ക്രടാതെ വസ്തുവിൽ കയറി താമസിച്ച് ദേഹണ്ഡിക്കുന്നവസ്തു അനുഭവക്കാർ ഇങ്ങിനെ മൂന്നു നാലു തരം അനുഭവക്കാരുണ്ട്. ഇവരിൽ രേഖാമൂലമുള്ള വസ്തു അനുഭവക്കാക്ക് അവരുടെ പാട്ട ചീട്ടിലൊ ഒറ്റി ആധാരത്തിലൊ വേണ്ട കരാറുകൾ ചെയ്തിരിക്കും. അതുകൊണ്ട് അതിൽ വലിയ തക്കം വരാൻ ഇടയില്ല. ഉടമസ്ഥന്മാരുടെ അറിവോടും സമ്മതത്തോടും കൂടി താമസിക്കുന്നവരും രേഖ ഒന്നുമില്ലാത്തവരുമായ വസ്തു അനുഭവക്കാക്കും ഉടമസ്ഥന്മാരുടെ അറിവും സമ്മതവുമില്ലാതെ കയറി താമസിക്കുന്ന വസ്തു അനുഭവക്കാക്കുമാണ് തക്കം ഉണ്ടാകുന്നത്. ഉടമസ്ഥന്മാരുടെ സമ്മതത്തോടുകൂടി താമസിക്കുന്ന വസ്തു കൈവശക്കാരിൽ മിക്കവരും ഉടമസ്ഥന്മാരുടെ കൈവശത്തിൽനിന്നു തന്നെ വച്ചുണ്ടാക്കുന്ന ആവശ്യത്തിനുള്ള ധനവും മറ്റു സാധനങ്ങളും ഉടമസ്ഥനോട് നേരിട്ട് വാങ്ങിക്കുകയും അവർ ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലം അന്നന്നുതന്നെ വാങ്ങിയുമാണ് കഴിഞ്ഞു പോരുന്നത്. ഉടമസ്ഥന്മാരുടെ അറിവും സമ്മതവും ക്രടാതെ കയറി താമസിക്കുന്ന വസ്തു അനുഭവക്കാർ, എപ്പോഴെങ്കിലും ഈ വിവരം അറിവു കിട്ടി ഉടമസ്ഥൻ വരുമ്പോൾ, "ഞാൻ വേണ്ടപോലെ ഈ വസ്തുവിനെ നന്നാക്കി പുഷ്ടിയുള്ളതാക്കി തരുന്ന അവസരത്തിൽ, യജമാനന്റെ അറിവില്ലെങ്കിൽ അവിടത്തെ, ഇഷ്ടം പോലെയുള്ള ദേഹണ്ഡം മാത്രം തന്നാൽ മതി, അപ്പോൾ തന്നെ എനിയ്ക്കു ഒഴിഞ്ഞു മാറുന്നതിനും യാതൊരു വിരോധവുമില്ല" എന്നീവിധത്തിലുള്ള നല്ല വാക്കു പറഞ്ഞും അവരുടെ നയം കൊണ്ടും വസ്തു ഉടമസ്ഥന്മാരെ സമാധാനപ്പെടുത്തി അയക്കാറുണ്ട്. ഒടുവിൽ ഈ വസ്തു ഒഴിപ്പിക്കണമെന്നു വിചാരിച്ച് ഉടമസ്ഥൻ പുറപ്പെടുന്ന അവസരത്തിൽ പലപ്രകാരത്തിലുള്ള ഉപദ്രവവും നഷ്ടങ്ങളും ഈ വസ്തു ഉടമസ്ഥനും കൈവശക്കാക്കും തമ്മിൽ ഉണ്ടാകുന്നുണ്ട്.

വസ്തു ഉടമസ്ഥന്റെ സമ്മതത്തോടു കൂടിയും അയാൾ അന്നന്ന് കൊടുക്കുന്ന പ്രതിഫലവും ദേഹണ്ഡിക്കുന്നതിന് വേണ്ട സകലസൌകര്യങ്ങളും അയാളിൽ നിന്നും സ്വീകരിച്ചും കൊണ്ടിരിക്കുന്നദേഹണ്ഡക്കാരോടു വസ്തുവിൽ നിന്നും ഒഴിഞ്ഞു പോകണമെന്ന് ഉടമസ്ഥൻ ആവശ്യപ്പെടുമ്പോൾ അവർ ചില സന്ദർഭങ്ങൾ പറഞ്ഞു ഉടമസ്ഥനെ മടക്കി അയക്കുക അല്ലാതെ വസ്തു കൊടുത്തു വരുന്നില്ലെന്നുള്ളതു് എനിയ്ക്കു നല്ല വണ്ണം അറിയാവുന്നതാണ്. ഒരാൾ ഏതെങ്കിലും തരത്തിൽ ഒരു വസ്തു കൈവശപ്പെടുത്തിപോയാൽ പിന്നെ ഒന്നാം തരംദേഹണ്ഡവും വാങ്ങിക്കൊണ്ടു പോയാൽ മതി എന്നുള്ള വിചാരമാണ് അവക്കുള്ളതു്. ദേഹ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Krishna Pillai.]

ണ്ഡം മുഴുവൻ നശിപ്പിക്കണമെന്നുള്ള വിചാരമില്ലെങ്കിലും ഈ നിയമം മൂലം അവക്ക് ഒരുവലിയബലമാണ് സിദ്ധിക്കുന്നത്. വസ്തു ഒഴുപ്പിക്കാൻ ഒരിക്കലും ജന്മിക്കു സാധിക്കയില്ല.

പണ്ഡിതനായ ഡിപ്യൂട്ടി പ്രസിഡൻറവർകൾ അഭിപ്രായപ്പെട്ടതുപോലെ ഇപ്പോൾ ദേഹണ്ഡത്തിനുള്ള റേറ് നിശ്ചയിക്കുന്നതിന് ഒരു നിയമം നമുക്കുണ്ട്. - മുക്കുർ എന്നും നടുക്കുർ എന്നും കോടതിയിലെ വിധികർത്താക്കൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. പിന്നെ വിശേഷാൽ കൊണ്ടുവന്ന ഇപ്പോഴത്തെ ബില്ലുകൊണ്ട് വസ്തു ഉടമസ്ഥന്മാർക്കും വസ്തു കൈവശക്കാർക്കും പ്രയോജനമില്ലെന്നു മാത്രമല്ല പല പ്രകാരത്തിലുള്ള ഉപദ്രവവും കൂടി നേരിടുമെന്നാണ് എൻെറ അഭിപ്രായം. ഈ വിധത്തിൽ നിഷ്പ്രയോജനവും ഉപദ്രവകരവുമായിരിക്കുന്ന ഒരു ബില്ലിനുവേണ്ടി സമയവും പണവും മറെറ പ്രകാരത്തിലുള്ള പല സൌകര്യവും ദുരുപയോഗപ്പെടുത്തുന്നത് നല്ലതാണെന്നു എനിയ്ക്ക് അഭിപ്രായമില്ല. അതുകൊണ്ട് ഈ ബില്ലിനെ ഞാൻബലമായി എതുക്കുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I am not rising to support the Bill, nor are the Government opposing it. Many aspects of the law relating to compensation for improvements have no doubt been dealt with here this afternoon as also the bearings of that law and the changes proposed by Mr. Krishnan's Bill. There is perhaps one aspect of the present law which has not received as much attention as it might have received. When I say law, I mean the law as laid down by the courts for assessing compensation for improvements, I refer particularly to the rule for valuing plantations. That rule is to award to the tenant or improver the capitalised value of the yield of the trees, that is to say an amount arrived at by capitalising the estimated yearly yield of the trees. I wish to point out that there is perhaps some anomaly in this, and it is that that has not received the attention of the House this evening. When the value of the yield of trees is capitalised the courts proceed on the assumption and implication that the trees will stand for ever. For instance, if the value of the product of the trees in a compound or a garden is taken to be Rs. 100 we capitalise it at 12 per cent interest and award the capitalised value to the tenant as a compensation for the trees. The necessary implication in this procedure is that the value of the product of the trees, which is capitalised, is always available to be enjoyed. Whereas, we all know that trees, whatever may be the nature of the trees, can last only for a limited period. Generally, it is the cocoanut trees that are valued on this basis, and these trees cannot stand for ever, cannot stand in perpetuity. Therefore it must follow that the product of these trees, which is made the basis for capitalisation at whatever interest it may be, is not a perpetual product or value,

LIBRARY ARCHIVES Kerala Legislative Assembly

as if it would be available for ever. The result however of the method of calculation now accepted and the implication which we make thereby is that we are giving to the tenant an amount which will stand for ever, from which interest can be reaped and which interest will be reaped for ever whereas if the tree had continued as trees for enjoyment, they would have lasted for a limited period of years only. This may be illustrated by instancing a concrete case. If a tenant plants trees and rears them up and if we assume that the trees, after becoming bearing, would yield products for a period of 50 years, what is it that we arrive at by proceeding on the method of valuation now adopted by the courts. If the trees are valued at a time when the trees have already given their yield for 20 years, or say 40 years, the trees can be considered fit to give yield only for 10 years more. But what is it that the courts do? The courts assume that the yield that is arrived at the 40th year will stand for ever and capitalise the value of that and give that amount as compensation, a permanent amount, to the tenant. Whereas if he had these trees themselves in his possession he would have got the yield only for ten years. But under the method now followed by courts he is getting a money value which will give him interest for ever and therefore in the result the yield of the trees also for ever. The rule, because of its unalterable rigidity, will operate in favour of the tenant as well as against the tenant and therefore in favour of and also against the landlord. If for instance, in the case that I quoted just now if the trees are valued in the 40th year the landlord will be paying an amount for getting ten years yield of certain trees and the tenant also is getting that amount. If now the trees are valued, say, at the first year after bearing, the tenant gets the same amount only, now in lieu of fifty years' yield but in the former case in lieu of ten years' yield. From the landlord's point of view he would, by paying the same amount, be getting 50 years' yield in the latter case but only ten years' yield in the former case. This is certainly anomalous and may be felt as causing hardship either to the tenant or landlord.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Do I understand my friend to suggest that on this basis the tenant is going to lose because clause 9 actually contemplates "the court shall determine, as nearly as may be, the average net money value of such increase and the number of years during which such increase may reasonably be expected to continue, and shall then ascertain the present value at six per cent of annuity equal to such money value or such number of years"?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That is the provision in the present Bill. I am just now only speaking with reference to the existing law which, as I said, is based on the assumption that the trees will last for ever which will not, as a matter of fact, whereas the money value that is calculated and given will last for ever.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): May I draw the attention of my friend to the fact that under the existing law it is a legal friction and in the proposed draft Bill it is a matter of speculation?

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): My friend Mr. Krishna Aiyangar has correctly put the position. The present day law is a legal fiction. That is exactly what I wanted to bring to the notice of the House. It is this aspect that has not received as much attention as it might perhaps have received. At the same time I am not saying that this Bill should be accepted by the House. Mr. Krishna Aiyangar characterises its main provisions as a speculation. It may be so. At any rate, Government are not countenancing them.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Has the anomaly in the existing law received the attention of Government?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): In a general way, of course, but not in any particular or definite manner. All that I want to say just now is that as a person who has had some experience in these matters, it has struck me that there is some anomaly in the present law. When I say that, I don't mean to say that I accept the provisions of the Bill or that I lend countenance to the Bill which has been characterised by my friend Mr. Krishna Aiyangar as based on speculation. All that I want to tell the House is that there is one aspect of the matter which may and ought to receive their earnest consideration.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know whether the Government have tried to remove that anomaly?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Not yet. I am only saying that it should not be taken that Government are completely ignorant of it. At the same time let me say once again that I do not lend any countenance to this Bill. But I do not oppose it either. I am glad to find that this afternoon it has received a large discussion in this House and that many of its aspects have been threshed out by the representatives of the people. I am quite content to take the verdict of the non-official side of the House on this Bill; the Government members will remain neutral at the division on the motion for the Bill.

MR. V. CHELLAM PILLAI (*Tovala*): May I know whether if a certain provision of the Bill is not acceptable to the majority on the Select Committee it may be altered?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I will not hazard any opinion on such a general point. It will all depend on the circumstances of each case.

MR. N. R. KRISHNAN (*Nominated*): സർ, ഈ സഭയിൽ ഇതേസംബന്ധിച്ചുണ്ടായ ദീർഘമായ പ്രസംഗങ്ങളും ഞാൻ കേൾക്കയുണ്ടായി. എന്നിരുന്നാലും മറുപടിയായിട്ട് പറയുന്നതിനു വളരെ കുറച്ചു സംഗതികൾമാത്ര

LIBRARY ARCHIVES Kerala Legislative Assembly

മേയൊള്ളൂ. ഒന്നാമതായിട്ട് ഈ രാജ്യത്തെ നടപ്പിനേയും അതു ഭേദഗതി ചെയ്യേണ്ട രീതിയേയുംപറ്റി പറഞ്ഞതിനു മറുപടിപറയാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഉറക്കെപറയണം.

MR. N. R. KRISHNAN (*Nominated*): എനിയ്ക്കതീരെസുഖമില്ല. ഇതിനുവേണ്ടിമാത്രം വരികയായിരുന്നു. അതിനാൽ ഇതിലധികംഉറക്കെ പറയാൻ സാധിക്കയില്ല.

PRESIDENT: You may come to the centre and address the House, if that would help you.

MR. N. R. KRISHNAN (*Nominated*): (Coming to the front) ഈ നടപ്പിനെ ഭേദഗതിചെയ്യുന്നതുകൊണ്ട് ഈ ബിൽ അംഗീകരിക്കുവാൻ പാടില്ലെന്ന് ഈ സഭ പറയുന്നതിനോട് എനിയ്ക്കു യോജിക്കുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ കാലത്തിന്റെ സ്ഥിതിഗതികളെ അടിസ്ഥാനമാക്കി ഓരോ നടപ്പുകഠം ലോകത്തിന്റെ ഏതുഭാഗത്തും ഉണ്ടാകുന്നുണ്ട്. ഓരോകാലത്തെ സ്ഥിതിഗതികളെല്ലാം മാറി വേറെസ്ഥിതിഗതികഠം ലോകത്തുവരുന്ന അവസരത്തിൽ പണ്ടുണ്ടായിരുന്ന നടപ്പുതന്നെ വച്ചുകൊണ്ടിരിക്കണമെന്ന് ഒരു നിയമം നിർബന്ധിക്കുന്നുവെങ്കിൽ നിശ്ചയമായിട്ടും അതു വളരെ സങ്കടകരമാണ്. അങ്ങിനെ ഒരിക്കലും നിർബന്ധിക്കാൻ പാടുള്ളതുമല്ല. ഈ സംഗതിയിൽ ഉദാഹരണം എടുത്തുനോക്കാം. വളരെ പണ്ടു ചക്രത്തിനു രണ്ടു നാളികേരം വിൽക്കുന്ന കാലമുണ്ടായിരുന്നു. അതിനെ അടിസ്ഥാനമാക്കി ഭേഹണ്ഡം കിട്ടിയാൽപോരാ ക്രൂടുതൽ കിട്ടണമെന്നു കൂടിയാനവൻ വാദിക്കുന്നു. അതേഅവസരത്തിൽതന്നെ അതേ തെങ്ങുവൃക്ഷത്തിനേ നാലോ അഞ്ചോരൂപാ വിട്ടുകിട്ടണമെന്നു ജന്മിയും വാദിക്കുന്നു. ഇതുരണ്ടും ഭംഗിയായിട്ടുള്ളതല്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അങ്ങിനെ എവിടെയാണ് നടക്കുന്നതു?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Do I understand my friend to suggest that while the landlord is getting Rs. 3 as rent he offers only Re. one as compensation?

MR. N. R. KRISHNAN (*Nominated*): I strongly assert that that is the case.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I don't think that it obtains anywhere in Travancore.

MR. N. R. KRISHNAN (*Nominated*): I shall produce ever so many documents if the Council wants.

മഹാനും യോഗ്യനുമായ ഡിപ്യൂട്ടിപ്രസിഡൻറു പറയുന്നതു ശരിയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. R. Krishnan.]

ല്ലെന്ന് ഞാൻ പറയുന്നില്ല. എന്നാൽ ഞാൻ ഇവിടെ അനേകം പ്രമാണങ്ങൾ ഹാജരാക്കാം. മുമ്പു തെങ്ങിന് ര് ചക്രമേ പാട്ടംനിശ്ചയിച്ചിട്ടൊള്ളൂ. അതിനെ അടിസ്ഥാനമാക്കിതന്നെ കുടിയാനവൻ ര് ചക്രം പാട്ടമേകൊടുക്കാൻ പാടൊള്ളൂ എന്നുള്ളതു് കുറെ കഷ്ടമാണു്.

MR. V. S. KRISHNA PILLAI (*Tiruvalla*): ഇരുകക്ഷികളുടേയും കരാറനുസരിച്ചു ചെയ്യുന്നതല്ലേ?

MR. N. R. KRISHNAN (*Nominated*): കരാറുകൾ ഉണ്ടായിരിക്കും. നടപ്പിനെപറ്റി പറയുകയാണു്.

MR. P. S. MAHOMED (*Nominated*): ലാ നിമിത്തം പലകസ്റ്റങ്ങളും ഉണ്ടായിട്ടില്ലേ?

MR. N. R. KRISHNAN (*Nominated*): ഉണ്ടു് അതുതന്നെയാണു് ഞാനും പറയുന്നതു്. ചെറുപ്പകാലത്തു ഒരുകുട്ടിയ്ക്കു് തയ്പിച്ചുകൊടുത്തിരുന്ന ഉടുപ്പു് അവൻ വലിയവനാകുന്ന അവസരത്തിൽ പ്രായത്തിനുതക്കവണ്ണം തയ്ക്കാതെ നീ അതുതന്നെ ധരിക്കണം ഞാൻ കോട്ടും ടൈസറും ധരിച്ചുകൊള്ളട്ടെ എന്നു പറയുന്നതുപോലെയുള്ള ഒരു നടപ്പിനെ സാധൂകരിക്കണമെന്നു് ഈസഭ നിർബന്ധിക്കുന്നുണ്ടെങ്കിൽ ഇതിൽപരം പരിതാപകരമായ ഒരു സ്ഥിതി വരാനില്ലെന്നാണു് ഞാൻ അറിയിക്കുന്നതു്. അതുകൊണ്ടു നടപ്പിനെ കാലത്തിന്റെ സ്ഥിതിഗതികൾക്കനുരൂപമായവിധത്തിൽ ഭേദഗതിചെയ്യണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വളരെമുമ്പു നാളികേരത്തിനുണ്ടായിരുന്ന വിലയാണോ ഇപ്പോഴും പാട്ടത്തിനു കണക്കാക്കുന്നതു്?

MR. N. R. KRISHNAN (*Nominated*): അങ്ങിനെയാണെന്നു ഞാൻ ലാൻഡ് റവന്യൂമാനുവൽ കോട്ടചെയ്തതിൽനിന്നു കാണാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതു വളരെക്കാലത്തിനുമുമ്പുള്ളതല്ലേ?

MR. N. R. KRISHNAN (*Nominated*): അതിനെ അടിസ്ഥാനമാക്കിയാണു് 16 T. L. J യിൽപറയുന്നതു് അതുകൊണ്ടു് നടപ്പുഭേദഗതിചെയ്യുന്നതെന്നുള്ള നിർബന്ധത്തെ അംഗീകരിക്കാൻ പാടുള്ളതല്ല.

MR. V. S. KRISHNA PILLAI (*Tiruvalla*). നിയമം നിഷ്പക്ഷപാതമായ നിലയിൽ അല്ലേ ഇരിക്കേണ്ടതു്?

MR. N. R. KRISHNAN (*Nominated*): അതിനുവേണ്ടിയാണു് ഒരു നിയമം ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. S. KRISHNA PILLAI (*Tiruvalla*). ഇതിന്റെ അർത്ഥം പറയാമോ?

"The amount of compensation to be awarded for an improvement shall be ascertained in the way prescribed by any of the said Sections which is *most favourable to the tenant.*"

MR. N. R. KRISHNAN (*Nominated*): സെക്ഷൻ ക്ലീയറാകാതെവരുന്ന സന്ദർഭങ്ങളിലാണ് ഈ സെക്ഷൻകൊണ്ടുപയോഗം. അങ്ങനെ കവർചെയ്യാതെയുള്ള ഒരുസംഗതിവന്നാൽ ഒരു Residuary ക്ലാസ്സ് എന്ന സാധാരണനിയമങ്ങളിൽ കാണാറുള്ളതുപോലെ ചേർത്തിട്ടുള്ളതാണ് ഇത്.

MR. V. S. KRISHNA PILLAI (*Tiruvalla*): ഇരുകക്ഷികൾക്കും എന്ന് വേണ്ടെപറയാൻ?

MR. N. R. KRISHNAN (*Nominated*): ആ അഭിപ്രായം നിയമത്തിലില്ലല്ലോ?

MR. V. S. KRISHNA PILLAI (*Tiruvalla*): ഒരു നിഷ്പക്ഷമായ നിയമമല്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

MR. K. P. NILAKANTA PILLAI (*Chirayinkil*): Most favourable to the tenant ഇതിൽ 'most' എന്നുള്ള പദം എടുത്തുകളയുന്നതിൽ വിരോധമുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഇല്ല.

രണ്ടാമതായിട്ട് എനിയ്ക്കു പറയാനുള്ളത് കാൺടാക്ടിനെകുറിച്ചാണ്. കാൺടാക്ടിനുള്ള അധികാരത്തെകുറിച്ച് പൊതുവായി സകല മനുഷ്യരേയും ഞാൻ അപമാനിച്ചുകളഞ്ഞു എന്ന് ഒരഭിപ്രായം ഇവിടെ പ്രസ്ഥാവിച്ചു. ആ കൂട്ടത്തിൽ ഞാനുംകൂടി ഉൾപ്പെടുമെന്നുള്ളതു വിചാരിച്ചിട്ടുണ്ടോ എന്നെനിയ്ക്കറിഞ്ഞുകൂടാ. ഞാൻ മാത്രം ഒഴിച്ചിട്ട് മറ്റുള്ളവർക്കുമാത്രം അപമാനമുണ്ടായി എന്നുപറഞ്ഞതിൽ ഞാൻ മനസ്ഥാപിക്കുന്നു. ഇനി വാസ്തവത്തിൽ ഞാൻ അങ്ങനെ ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണ് നോക്കേണ്ടത്. ഈ നിയമം തന്നെയും കൃഷിക്കാരെ ഉദ്ദേശിച്ചിട്ടാണ് അധികവും പ്രൊവൈഡ് ചെയ്തിട്ടുള്ളത്. ഇതിൽ കഷ്ടകന്മാരിൽ ഭൂരിപക്ഷവും പ്രായേണ ദേഹണ്ഡക്കാരാണ്.

നമ്മുടെ റിപ്പോർട്ടുകൊണ്ട് ൫൦ ശതമാനവും ചിലപ്പോൾ കൂടുതലും ലിറ്ററസി ഉണ്ടെന്നു ചില പേപ്പർകളിൽ വായിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്തെ കഷ്ടകന്മാരുടെ വിദ്യാഭ്യാസസ്ഥിതി എങ്ങനെയിരിക്കുന്നു എന്നുള്ളതു നമ്മുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾതന്നെ നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് അഭിമാനിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. R. Krishnan.]

ത നമ്മുടെ സ്ക്കൂളുകളിൽ പോകുന്ന കുട്ടികളിൽ സെൻറുപേർസെൻറു വിദ്യാഭ്യാസം പൂർത്തിയായിവെളിയിൽ വരുന്ന എന്നാണു്. എന്നാൽ അവർ ആരും എഗ്രിമെൻറു ചെയ്തിട്ടില്ല. എന്നാൽ ഈ എഗ്രിമെൻറും മറ്റുമൊക്കെ നടത്തുന്നതു് അതിനുമുള്ളവരാണു്. അവരുടെയിടയിലെങ്ങും ചിറ്റാറസി എത്തീട്ടില്ല. ഈ നിലയിൽ വിദ്യാവിഹീനന്മാരായ ആളുകളോടുക്രൂരിയാണു് നാം ഈ ഭേഹണ്ഡത്തിനുള്ള കരാർ നടത്തുന്നതെന്നുള്ളതു് ഓർമ്മിക്കണം.

MR. MURUVELIL PACHU PILLAI (*Shertallai*): ടെനൻട്സ് എല്ലാം വിദ്യാവിഹീനന്മാരാണെന്നാണോ പറയുന്നതു്?

MR. N. R. KRISHNAN (*Nominated*): അധികവും വിദ്യാവിഹീനന്മാരാണു്.

MR. MURUVELIL PACHU PILLAI (*Shertallai*): ചേർത്തലതാലൂക്കിൽ തുറവൂർ, തണ്ണീർമുക്കം ദേവസ്വം, പാലിയം ഇങ്ങനെയുള്ള വസ്തു ഉടമസ്ഥന്മാരുടെ വസ്തുക്കൾ പാട്ടംവാങ്ങി അനുഭവിക്കുന്നവർ സ്വന്തമായിട്ടു ധാരാളം വസ്തുക്കളുള്ളവരും, നല്ല വിദ്യാഭ്യാസവും സ്ഥിതിയുമുള്ളവരും ആണെന്നറിയാമോ?

MR. N. R. KRISHNAN (*Nominated*): എല്ലാവരും അങ്ങനെയല്ല.

MR. MURUVELIL PACHU PILLAI (*Shertallai*): അങ്ങനെയുള്ളവരും ഉണ്ടെന്നറിയാമോ?

MR. N. R. KRISHNAN (*Nominated*): അങ്ങനെയില്ലാത്തവരും ധാരാളമുണ്ടു്.

MR. MURUVELIL PACHU PILLAI (*Shertallai*): ഇപ്പോഴത്തെനിയമം അങ്ങനെയുള്ളവരെക്കൂടി ബന്ധിക്കയില്ലയോ?

MR. N. R. KRISHNAN (*Nominated*): എല്ലാവരേയും ബന്ധിക്കുന്നസ്ഥിതിക്കു് അവരേയും ബന്ധിക്കതന്നെചെയ്യും. ഒരു നിയമംഉണ്ടാകുന്നതു് തിരുവിതാംകൂറിലെ ആകമാനമുള്ള ജനങ്ങളുടെ സൌകര്യത്തെ ഉദ്ദേശിച്ചാണു്. അല്ലാതെ തുറവൂർ ദേവസം വസ്തു അനുഭവിക്കുന്നവരെയോ ചേർത്തല താലൂക്കു നിവാസികളേയോമാത്രം ഉദ്ദേശിച്ചല്ല.

MR. MURUVELIL PACHU PILLAI (*Shertallai*): അപ്പോൾ വസ്തു അനുഭവക്കാരും ഭേഹണ്ഡത്തിനുള്ള കരാർ ചെയ്യുന്നവരും വിദ്യാവിഹീനന്മാർ മാത്രമല്ലെന്നും തങ്ങളുടെ അവകാശങ്ങളെ നായമായി സംരക്ഷിക്കുവാൻ വേണ്ടുന്ന കായ്വിവരമുള്ളവരും ഈ കൂട്ടത്തിലുണ്ടെന്നും സ്പഷ്ടമാകുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): നിയമം എല്ലാവരേയുംബാധിക്കുന്നതിൽ വല്ല വിരോധവുമുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഇല്ല. ഒരുവിരോധവുമില്ല. അങ്ങനെയാണ് വേണ്ടതു്.

അതുകൊണ്ടു് ഇങ്ങനെയുള്ള കാൺട്രാക്ടു് ചെയ്യുമ്പോൾ കർഷകന്മാരുടെ രക്ഷയെ വളരെ സൂക്ഷിച്ചുചെയ്യേണ്ടതാണു് എന്നാണു് എനിയ്ക്കു ശക്തിയായിട്ടുവാദിക്കാനുള്ളതു്. നമ്മുടെ പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡൻറു് അവർകൾ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ അങ്ങനെ കുടിയാനവന്മാരെചതിച്ചതായിട്ടു്, അദ്ദേഹത്തിൻെറ പത്തുമുപ്പതുകൊല്ലത്തെ തൊഴിൽ പരിചയത്തിൽ, അദ്ദേഹത്തിനു കാണാൻ സാധിച്ചിട്ടില്ല എന്നും പറകയുണ്ടായി. അതു് അദ്ദേഹത്തിൻെറ മഹത്വത്തെ വിളിച്ചുപറയുന്നു എന്നല്ലാതെ എനിയ്ക്കു വേറെ ഒന്നും പറയാനില്ല. അദ്ദേഹം തെക്കെഇൻഡ്യയിലെ നിയമ പണ്ഡിതന്മാരിൽ അഗ്രഗണ്യനാണെന്നുള്ളതു പരക്കെ സമ്മതിച്ചിട്ടുള്ള ഒരു വാസ്തവമാണു്. അങ്ങനെ വലിയമഹാന്മാരുടെ അടുക്കൽ കുടിയാനവന്മാർക്കു് അവരുടെ സങ്കടം പറയാൻ സാധിക്കയില്ല എന്നുള്ളതും സാധാരണമാണു്. അതുകൊണ്ടു് അദ്ദേഹത്തിനു് ഇങ്ങനെയുള്ള സന്ദർഭം വന്നിട്ടില്ലെന്നു പറയുന്നതു് അദ്ദേഹത്തിൻെറ മഹത്വത്തെ ക്രുദ്ധനതിൽകുറെക്രൂടി പർവ്വാപ്തമാകുന്നു എന്നല്ലാതെ അങ്ങനെ കുടിയാനവന്മാരെ ചതിച്ച കരാറുകൾ എഴുതുന്നില്ലെന്നു വിചാരിക്കാൻ നിവൃത്തിയില്ല. എൻെറ ചുരുങ്ങിയകാലമായുള്ള കൊല്ലത്തെ അനുഭവം കൊണ്ടുണ്ടായ ഹൃദയവേദന നിമിത്തം, എൻെറ ശേഷിക്കുറവിനെ ഗണിക്കാതെ, ഞാൻ ഈ നിയമം ഹാജരാക്കാമെന്നു നിശ്ചയിച്ചതാണു്. ഇതിൻെറ അനുഭവം പറയുമ്പോൾ ഹൃദയമുള്ളവരുടെ കണ്ണുകളിൽനിന്നും കണ്ണുനീർ വരാതിരിക്കയില്ല.

സർ, പക്ഷികൾക്കു വൃക്ഷങ്ങളുടെമുകളിലോ; ഇലകളുടെ ഇടയിലോ രക്ഷപ്രാപിക്കാൻ സാധിക്കും. മനുഷ്യനു് അതു സാധിക്കയില്ല. മനുഷ്യനുവെയിലിൽനിന്നും മഴയിൽനിന്നും രക്ഷപ്രാപിക്കാൻ വീടുകളിൽകയറി ഇരിക്കതന്നെവേണം. ഇപ്രകാരം വീടുകൾ ഇല്ലാതിരിക്കുകയും തൻെറ ശരീരത്തെ മഴയിൽനിന്നും വെയലിൽനിന്നും സൂക്ഷിക്കേണ്ട ആവശ്യം നേരിടുകയും ചെയ്യുമ്പോൾ ഏതുകരാർ വേണമെങ്കിലും ഒപ്പിട്ടുകൊടുക്കാൻ അവൻ നിർബ്ബന്ധിതനായിട്ടു തീരുമെന്നുള്ളതു് ഈ സഭയിലുള്ള നിങ്ങൾ എല്ലാവരും സ്വല്പം ആലോചിച്ചുനോക്കിയാൽ മനസ്സിലാകും. (ഹീയർ, ഹീയർ). ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സൂചിയുടെ മു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. R. Krishnan]

നയിൽനിന്നും ഒപ്പിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ അങ്ങനെയും ഒപ്പിട്ടുകൊടുക്കാൻ തയ്യാറാവും. പഠിപ്പുകൊണ്ടു സൂര്യന്റെ രശ്മിയിൽനിന്നും രക്ഷകിട്ടാൻ സാധിക്കയില്ല. മഴയുടെയോ മഞ്ഞിന്റെയോ തണുപ്പിൽ നിന്നും വിദ്യാഭ്യാസമുള്ളതുകൊണ്ടുമാത്രം രക്ഷപ്രാപിപ്പാൻ സാധിക്കയില്ല. അതിലേക്ക് ഒരു സെൻറുസ്ഥലത്തു് രണ്ടു മടൽകൊണ്ടു കെട്ടിയ ഒരു പുരയെങ്കിലും ഉണ്ടായിരുന്നാൽ മാത്രമല്ലാതെ അവന്റെ ജീവനെ രക്ഷിക്കാൻ സാധിക്കയില്ല. അങ്ങിനെ ഒരവസരം ഉണ്ടാകുമ്പോൾ അവൻ എത്രതന്നെവിദ്യാഭ്യാസമുള്ളവനായിരുന്നാൽ തന്നെയും അവന്റെ വിദ്യാഭ്യാസവും, ബുദ്ധിയും എല്ലാം വിസ്മരിച്ചു പറയുന്ന സ്ഥലത്തു് ഒപ്പിട്ടുകൊടുത്തുപോകുമെന്നുള്ളതു് നിങ്ങൾ എല്ലാവരും ശാന്തമായിട്ടു് ആലോചിച്ചാൽ നിങ്ങളുടെ ഹൃദയത്തിൽ പതിയുന്നതാണു്.

നമ്മുടെ തിരുവിതാംകൂറിൽ ക ഠ ക ഠ -ലെ ക ഠ -ാം റഗുലേഷൻ ഉണ്ടു്. ഇതു് പലിശയെ സംബന്ധിക്കുന്ന ഒരു റഗുലേഷനാണു്. അതിൽ പറയുന്നതു ആണ്ടിൽ ക ഛ പലിശയിൽ അധികം വച്ചു പ്രമാണം എഴുതികൊടുത്താലും അതു് കടക്കാരനെ ബന്ധിക്കുന്നതല്ലെന്നാണു്. പണത്തിനു അത്യാവശ്യം നേരിടുമ്പോൾ എത്ര പലിശയ്ക്കുവെണമെങ്കിലും പ്രമാണം എഴുതി കൊടുക്കുന്നതിനു് ആവശ്യക്കാരൻ നിർബന്ധിതനാകുന്നു. അങ്ങിനെയുള്ളവരുടെ രക്ഷയെ കരുതിയാണു് ക ഠ ക ഠ -ലെ ക ഠ -ാം റഗുലേഷനായ പലിശ റഗുലേഷൻ ഏർപ്പെടുത്തീട്ടുള്ളതു്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറവർകൾ പറയുന്നതുപോലെ അന്നുള്ളവരാരും മണ്ടന്മാരായിരുന്നില്ല. ആരേയും അവമാനിക്കുന്നതിനു വേണ്ടിയല്ല അന്നു് ഈ നിയമം പാസ്സാക്കിയതു്. നേരെമറിച്ചു രാജ്യത്തു നീതിയും ന്യായവും നടക്കണമെന്നുള്ള ഉദ്ദേശത്തെ യഥാർത്ഥമായി മുൻ നിർത്തിയാണു് ക ഠ ക ഢ -ലെ ക ഠ -ാം റഗുലേഷൻ പാസ്സാക്കിയതു്. എത്രതന്നെ വിദ്യാഭ്യാസമുള്ളവനായിരുന്നാലും പണം ഇല്ലാതാകുന്ന അവസരത്തിൽ വിദ്യാവിഹീനന്മാരായ ധനവാന്മാരുടെ മുമ്പിൽ ചെന്നു പറയുന്ന സംഖ്യ പലിശ സമ്മതിച്ചു ഒപ്പിട്ടു കൊടുക്കേണ്ടിവരുമെന്നുള്ളതു എല്ലാവർക്കും അറിയാവുന്ന സംഗതിയാണു്. എത്ര തന്നെ പലിശ കൂടുതൽ തരാമെന്നു് എഴുതികൊടുത്താലും കോടതി വകവച്ചു കൊടുക്കയില്ല. പണമില്ലാതെ വരുന്ന സാധുക്കളെ പണം പ്പെടുത്തരുതെന്നുള്ള ഉദ്ദേശത്തിന്മേൽ ക ഠ ക ഠ -ലെ ക ഠ -ാം റഗുലേഷൻ പാസ്സാക്കിയതാണു്. അല്ലാതെ നമ്മൾ എല്ലാവരും മണ്ടന്മാരാണെന്നു് നമ്മു

LIBRARY ARCHIVES Kerala Legislative Assembly

ടെ ശിരസിൽ എഴുതി പതിച്ചുപോയി എന്ന് ആരും വിചാരിക്കയില്ല. തിരുവിതാംകൂറിനു പുറത്തുള്ള മറ്റു രാജ്യങ്ങളിൽ കാൺടാക്ടനുസരിച്ചുള്ള പലിശകൊടുക്കുന്നതിനു കടക്കാരൻ നിബ്ബന്ധിതനാണ്. എന്നാൽ ധർമ്മരാജ്യമായ ഈ തിരുവിതാംകൂറിൽ അന്യായമായ പലിശകൊടുക്കത്തക്ക നിലയിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കാൻ ഗവണ്മെൻറു സമ്മതിക്കുന്നില്ല. അതുപോലെ തന്നെ നോക്കുന്നപക്ഷം ഇംഗ്ലണ്ടിലും മറ്റു രാജ്യങ്ങളിലും തൊഴിലിൻെറ സമയത്തേയും അവക്കു കിട്ടാനുള്ളക്രൂലിയേയും സംബന്ധിച്ചു നിയമങ്ങൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്തുകൊണ്ട്? അവർ ഇല്ലാതെ വേലചെയ്യാൻ സാധിക്കയില്ല എന്ന മുതലാളികൾ അറിഞ്ഞാൽ പോരയോ? അങ്ങിനെ അറിഞ്ഞിട്ടുള്ള സ്ഥിതിക്ക് ഇങ്ങനെയുള്ള നിയമത്തിൻെറ ആവശ്യമെന്തു്? അതല്ല വിശപ്പുസഹിക്കാൻ നിവൃത്തിയില്ലാതെ,ആത്മാവിനെ ശരീരത്തിൽ വച്ചു കൊണ്ടിരിക്കുന്നതിനു ആഹാരം കഴിക്കാൻ വഴിയില്ലാത്തതിനാൽ, രാവും പകലും വേലചെയ്യാം വല്ലതും ആഹാരത്തിനു തന്നാൽ മതി' എന്നു പറയുന്നതിനു വേലക്കാരൻ നിബ്ബന്ധിതനായിട്ടു തീരും പോകും. അവർ വിദ്യാഭ്യാസമില്ലാത്തവരാണോ? ദിനപത്രം തന്നെ പാക്കറ്റിൽ ഇട്ടുകൊണ്ടായിരിക്കും അവർ വേലയ്ക്കുപോകുന്നതു്. നമ്മുടെയിടയിൽ തന്നെ ദിനപത്രം നോക്കുന്നവരുണ്ടോ എന്നു സംശയമാണു്. കാൺടാക്ടിനുള്ള സ്വാതന്ത്ര്യം മനുഷ്യനുവേണമെന്നു് ആഗ്രഹിക്കുന്നതിനെ എതുത്തിട്ടല്ല ഞാൻ ഈ വകുപ്പു ചേർത്തിട്ടുള്ളതു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated Deputy President*): ഈ റഗുലേഷൻ നടപ്പിൽ വരുന്നതിനു മുമ്പുള്ള കാൺടാക്ടിനെക്കുടി ബാധിക്കണമെന്നുള്ള വിചാരമുണ്ടോ?

MR. N. R. KRISHNAN (*Nominated*): അതിനെ പറ്റി പറയാം. എനിയ്ക്കു പറയാനുള്ളതു എല്ലാത്തരം പ്രതിവിധിയായിട്ടു് ഒരു നിയമം വേണമെന്നു ഞാൻ വാദിക്കുന്നില്ലെന്നാണു്. എൻെറ മാന്യസ്നേഹിതന്മാർ പലരും പറഞ്ഞതുപോലെയോ ലാമെമ്പർ പറഞ്ഞതുപോലെയോ ഒരു നിയമത്തിൻെറ ആവശ്യകതയുണ്ടെന്നുമൂണ്ടിക്കാണിക്കണമെന്നുള്ളതാണു് എൻെറ ഉദ്ദേശ്യം. ഇങ്ങനെ ഒരു നിയമമില്ലാതെ ഈ രാജ്യത്തെ ജനങ്ങൾ വളരെ സങ്കടം അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു് അങ്ങിനെ ഒരു നിയമത്തിൻെറ ഒരു സ്കെലിട്ടൺ മാത്രമാണു ഞാൻ ഇവിടെ ഹാജരാക്കീട്ടുള്ളതു്. ഇതിനെ ഒരുസിലക്ടു് കമ്മിറ്റിയിൽ അയച്ചു് അവരുടെ ഇഷ്ടംപോലെ ഭേദഗതിചെയ്യുന്നതിനു് എനിക്കുവിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[MR. N .R. Krishnan.]

ജനങ്ങളുടെ രക്ഷയ്ക്കു വേണ്ടിയും രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടിയും, ഗവണ്മെന്റിന്റെ രക്ഷയ്ക്കുവേണ്ടിയും ആണ് ഞാൻഇവിടെ ഇതു് ഹാജരാക്കീട്ടുള്ളതു്. ഗവണ്മെൻറിന്റെ രക്ഷയ്ക്കു എന്നു ഞാൻ ഇവിടെ പറഞ്ഞതു് കുടിയാനവന്മാക്കു ശരിയായ ദേഹണ്ഡം ലഭിച്ചില്ലെങ്കിൽ ഗവണ്മെൻറിനു ലഭിക്കേണ്ട ആദായം കുടി കുറഞ്ഞു പോകുമെന്നുള്ള ഉദ്ദേശത്തിലാണ്.

വിദ്യാർത്ഥികൾ പാഠശാല വിട്ടു വെളിയിൽ പോകുമ്പോൾ തൊഴിലില്ലാത്തവരായിതീരുന്നു എന്നും അതുകൊണ്ടു് എലിമെൻട്രി വിദ്യാഭ്യാസത്തോടു കുടി കൃഷി കുടി പരിശീലിപ്പിക്കണമെന്നും ഇവിടെ ഭംഗിയായിട്ടു പ്രസംഗിച്ചു. അവക്കു കൃഷി ചെയ്യുന്നതിനു ഭൂമി എവിടെയാണെന്നു് കാണിച്ചു കൊടുത്തിട്ടില്ല. അയൽപക്കക്കാരന്റെ പുരയിടത്തിൽപോയി വേല ചെയ്താൽ അയാൾ സമ്മതിക്കുമോ? അവനു കൂലി കിട്ടത്തക്കവിധത്തിൽ ഒരു സ്ഥലം എടുത്തു കൃഷി ചെയ്യേണ്ട ചുമതല ആ വിദ്യാർത്ഥിക്കില്ലയോ? അവൻ എവിടെ പോകും? വസ്തു ഉടമസ്ഥന്മാരായ ജന്മികളെ ആശ്രയിക്കാതെ നിവൃത്തിയില്ല.

അതുകൊണ്ടു് ഈ സംഗതികളെല്ലാം നല്ലവണ്ണം ആലോചിച്ചു് ബില്ലിനെ തത്വത്തോടുകുടി അനുകൂലിച്ചു് ഇതിനെ ഒരു സിലക്ട് കമ്മിറ്റിക്കയക്കണമെന്നുള്ള അപേക്ഷയോടുകുടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. TARIATU KUNJITOMNAN (*Muvattupuzha cum Todupuzha*): ഭൂമിയുടമസ്ഥന്മാർ ഈ കുടിയാനവന്മാക്കു് ഇപ്പോഴത്തേക്കാൾ കുടുതൽ പ്രതിഫലം കൊടുക്കത്തക്ക ഒരു നിയമം വന്നാൽ ഭൂമിയുടമസ്ഥന്മാർ കുടിയാനവന്മാക്കു് കുടി കിടക്കുന്നതിനു പോലും ഭൂമി കൊടുക്കുന്നതിനു വൈമുഖ്യം കാണിക്കയില്ലയോ?

MR. N. R. KRISHNAN (*Nominated*): ധാരാളം സ്ഥലമുള്ളവർ അങ്ങിനെ കുടിയാനവന്മാക്കു സ്ഥലം കൊടുക്കാതെയിരിക്കുന്നുവെങ്കിൽ അവരുടെ വസ്തുക്കളെല്ലാം കൃഷി ചെയ്യുന്നതിനു് നിവൃത്തിയില്ലാതെ തരിശായി കിടന്നുപോകുമെന്നുള്ളതുകൊണ്ടു ഭൂമി കൊടുക്കാതിരിക്കയില്ല. ഭൂമി ഒരിക്കലും ഒരാൾക്കുതന്നെ വച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ല. വസ്തുഉടമസ്ഥന്മാരല്ലാത്ത ആളുകൾ കൃഷിവൃത്തിയിൽ നിന്നു പിൻമാറിയാൽ ഭൂമികൾ തരിശായിട്ടു തീരും.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഭൂമിയിൽ വേല ചെയ്തിട്ട് അവക്കു കൂലി കൊടുക്കുകയല്ലാതെ അവക്കു താമസിക്കുന്നതിനും ഭോഗണ്ഡിക്കുന്നതിനും ഭൂമി കൊടുക്കാതിരിക്കയും നിമിത്തം സാധുക്കൾക്കു പാർക്കുന്നതിനു ഭൂമി കിട്ടാൻ ഇടയാകാതെക്കുട്ടത്തിൽ കഷ്ടത ഉണ്ടാകയും ചെയ്തയില്ലേ?

MR. N. R. KRISHNAN (*Nominated*): അങ്ങിനെ വരികയില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): One question, Sir, before my friend closes.

Do I understand my friend to have adopted his draft Bill from the provisions of the "Madras Compensation for tenants' Improvements Act"?

MR. N. R. KRISHNAN (*Nominated*): Yes, Sir.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Is he aware that clause 2 of his Bill, which finds a place in his Bill as also in the earlier Act of British India, was repealed by Act I of 1900 and so does not find a place in the Madras Act now in force?

MR. N. R. KRISHNAN (*Nominated*): ഞാൻ അതു നോക്കീട്ടില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Is he aware that Section 19 of the Madras Act declares as invalid only contracts entered into after the passing of the Act?

MR. N. R. KRISHNAN (*Nominated*): അതെല്ലാം നോക്കി പറയേണ്ടതാണ്.

MR. P. S. MAHOMED (*Nominated*): ഇതിലേയ്ക്കുവേണ്ട ഭേദഗതികൾ എല്ലാം സിലക്ട് കമ്മിറ്റിക്കയച്ചു ചെയ്യുകൂടയോ?

MR. N. R. KRISHNAN (*Nominated*): സിലക്ട് കമ്മിറ്റിയിൽ വേണ്ട ഭേദഗതികൾ ചെയ്യുന്നതു് എനിയ്ക്കു പൂർണ്ണസമ്മതമാണ്. അതുകൊണ്ടു് ഇതിനെ വോട്ടിനിടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

PRESIDENT: I put before the House the question whether the principle of the Bill introduced by Mr. N. R. Krishnan is accepted by the House or not?

The question was put and declared lost?

MR. P. S. MAHOMED (*Nominated*): I demand a poll.

A poll was taken and the House divided as follows:—

AYES—10.

1	Mr. V. Chellam Pillai	6	Mr. G. P. Nilakanta Pillai
2	,, K. Madhavan	7	,, K. P. Nilakanta Pillai
3	,, D. C. Joseph	8	,, S. Piraviperumal Pillai
4	,, N. R. Krishnan	9	,, L. R. Raja Raja Varma Koil Tampuran
5	,, P. S. Mahomed	10	,, P. Raman Pillai.

LIBRARY ARCHIVES Kerala Legislative Assembly

NOES—22.

1	Mr. A. S. Damodaran Asan	12	Mr. L. A. Lampard
2	,, A. G. Menon	13	Rao Bahadur K. A. Krishna Aiyangar
3	,, K. C. Karunakaran	14	Mr. K. Madhavan Pillai
4	,, K. N. Kesavan Namputiripad	15	,, H. B. Mahomed Rowther
5	,, R. Kesava Pillai	16	,, Matthew Murikkan
6	,, T. C. Kesava Pillai	17	,, V. J. Oommen
7	,, Tamarapallil Kochutommman	18	,, Muruvelil Pachu Pillai
8	,, N. K. Krishna Pillai	19	,, K. Padmanabha Panikkar
9	,, V. S. Krishna Pillai	20	,, K. G. Paramesvaran Pillai
10	,, Tariatu Kunjitommman	21	,, Revati Nal Rama Varma Raja
11	,, A. C. Kuriakose	22	,, A. Thanu Pillai.

NEUTRALS 17.

1.	Mr. Kayalam Paramesvaran Pillai	9.	Mr. I. C. Chacko
2.	,, P. N. Krishna Pillai	10.	,, R. Vaidyalingam Pillai
3.	,, S. Venkataramana Aiyar	11.	Dr. K. Raman Tampi
4.	,, K. George	12.	Mr. P. Gomatinayakam Pillai
5.	,, T. P. Ramasubba Aiyar	13.	Mr. L. A. Bishop
6.	Rao Bahadur K. V. Rangaswami Aiyangar	14.	,, A. Vipan
7.	Mr. S. C. H. Robinson	15.	Rao Sahib Dr. N. Kunjan Pillai
8.	,, R. Dhanukoti Pillai	16.	Mr. D. Francis.
		17.	Mrs. Elizabeth Kuruvila

The principle of the Bill was not accepted by the House.

AMENDMENT TO STANDING ORDERS.

PRESIDENT : The House will now pass on to the next item on the Agenda.

Mr. Damodaran Asan has given notice of the following amendment to Order No. 56 of the Standing Orders of the Travancore Legislative Council :

"Substitute the word '*two*' for the word '*five*' after the word '*given*' and before the word '*clear*' in line 1 of Standing Order No. 56."

Is this motion of Mr. Damodaran Asan opposed ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I object to it, Sir.

PRESIDENT : The rule with regard to the Bill in the Standing Orders is, unless 20 members are in favour of the amendment, the amendment falls. That is why I am putting it to the House. Those who are in favour of the motion, please, raise their hands.

As more than 20 members are in favour of the amendment the House gives leave to move the amendment.

The Draft Amendment will now be referred to a Select Committee of which the Deputy President will be the Chairman, and the Law Officer

LIBRARY ARCHIVES Kerala Legislative Assembly